ഇടുക്കി രൂപതാ ബുള്ളറ്റിൻ

# സഹ്യനാദം

നവംബർ 2026

# മിശിഹായുടെ രാജത്വ തിരുനാൾ

One Million Children Praying the Rosary
@ St. Mary's HSS Mariyapuram

YUKHEL Sports Meet - KCYM Diocese of Idukki
@ Calvarymount

# സഹ്യനാദം

## ഇടുക്കി രൂപതാ ബുള്ളറ്റിൻ

## നവംബർ 2026

Volume : 23  Issue No. 11


| | |
|---|---|
| Patron | **Mar John Nellikunnel** (Bishop of Idukki) |
| Chief Editor | **Rev. Fr. Ponpanal Martin** |
| Editor in-charge | **Rev. Fr. Kavunkal Jose** |
| Office | Bishop's House Idukki,<br>Karimpan, Manippara P.O. - 685 602 |
| Phone | +91 9061 230 151 |
| Website | www.idukkidiocese.org |
| e-mail | sahyanadhammonthly@gmail.com<br>curiaidukki@gmail.com |

# സഹ്യനാദം

ഇടുക്കി രൂപതാ ബുള്ളറ്റിൻ

**നവംബർ 2026**


1. സർക്കുലർ – ക്രിസ്തുരാജന്റെ തിരുനാൾ ..... 05
2. കച്ചേരി വാർത്തകൾ ..... 08
3. രജത ജൂബിലി ..... 13
4. സാന്താ മരിയ മിഷൻ ..... 14
5. മാർ ഏഫ്രേം മൈനർ സെമിനാരി ..... 16
6. സെന്റ് ജോസഫ് ഫോർമേഷൻ ഹൗസ് ..... 17
7. കുടുംബ കൂട്ടായ്മ ..... 18
8. ബൈബിൾ അപ്പോസ്തലേറ്റ് ..... 21
9. ക്രിസ്തുജ്യോതി വിശ്വാസ പരിശീലന കേന്ദ്രം ..... 23
10. കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി ..... 26
11. സോഷ്യൽ സർവ്വീസ് ..... 26
12. KCSL ..... 28
13. തിരുബാല സഖ്യം ..... 29
14. ചെറുപുഷ്പ മിഷൻലീഗ് ..... 30
15. KCYM / SMYM ..... 31
16. ഫാമിലി അപ്പോസ്തലേറ്റ് ..... 33
17. മാതൃവേദി ..... 34
18. ആത്മജ്യോതി ..... 35
19. കരുണ പാസ്റ്ററൽ ആനിമേഷൻ സെന്റർ ..... 35
20. ബേത്‌ലെഹേം കാരിത്താസ് ..... 36
21. ഇൻഫാം ..... 39
22. പാലിയേറ്റീവ് കെയർ ..... 39
23. ജീസസ് ഫ്രട്ടേണിറ്റി ..... 40
24. ജീസസ് യൂത്ത് ..... 40
25. പാവനാത്മാ കോളേജ് ..... 41
26. മാർ സ്ലീവാ കോളേജ് ..... 42
27. സന്ന്യസ്തർ ..... 44
28. നാളാഗമം ..... 48
29. Bishop's Engagements ..... 49
30. ഓർമ്മിക്കാൻ ..... 50

## സർക്കുലർ

CL.11/2026

# ക്രിസ്തുരാജന്റെ തിരുനാൾ

ഈശോമിശിഹായിൽ സ്നേഹം നിറഞ്ഞ വൈദികരേ, സമർപ്പിതരേ, മാതാപിതാക്കളേ, യുവജനങ്ങളേ, എന്റെ പ്രിയപ്പെട്ട കുഞ്ഞുങ്ങളേ,

ആരാധനാക്രമ വത്സരത്തിന്റെ അവസാന ഞായറാഴ്ചയായ നവംബർ 22-ാം തീയതി ആഗോള സഭയിൽ ക്രിസ്തുരാജന്റെ തിരുനാൾ ആഘോഷിക്കുകയാണ്. സകല ജനപദങ്ങളുടെയും സൃഷ്ടപ്രപഞ്ചത്തിന്റെയും പരമാധികാരിയായ ഈശോമിശിഹാ ലൗകികമായ അധികാരശക്തികൊണ്ടല്ല, മറിച്ച് സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും ശുശ്രൂഷയുടെയും രാജത്വത്തിലൂടെയാണ് ലോകത്തെ നയിക്കുന്നത് എന്ന സത്യം ഈ തിരുനാൾ നമ്മെ അനുസ്മരിപ്പിക്കുന്നു.

ഒന്നാം ലോകമഹായുദ്ധത്തിന്റെ കെടുതികളും, ഭൗതികവാദവും, സ്വാർത്ഥമായ അധികാരമത്സരങ്ങളും സമൂഹത്തിൽ ഭിന്നത വിതച്ച പശ്ചാത്തലത്തിലാണ്, ക്രിസ്തുവിന്റെ സ്നേഹരാജ്യം മാത്രമാണ് ലോകസമാധാനത്തിന്റെ ശാശ്വതമായ അടിത്തറയെന്ന് ഉദ്ഘോഷിച്ചുകൊണ്ട് 1925-ൽ പതിനൊന്നാം പിയൂസ് മാർപാപ്പ 'ക്വാസ് പ്രീമാസ്' *(Quas Primas)* എന്ന ചാക്രികലേഖനത്തിലൂടെ ഈ തിരുനാൾ സാർവ്വത്രിക സഭയിൽ സ്ഥാപിച്ചത്. 'സഭയുടെയും സമൂഹത്തിന്റെയും അധിപനായി ക്രിസ്തു അംഗീകരിക്കപ്പെടുമ്പോൾ മാത്രമേ വ്യക്തികൾക്കും കുടുംബങ്ങൾക്കും യഥാർത്ഥ സമാധാനം ലഭിക്കുകയുള്ളു.' ഇന്നത്തെ ലോകത്തിന്റെ അശാന്തികൾക്ക് നടുവിലും 'അവന്റെ രാജ്യത്തിന് അവസാനമുണ്ടാവുകയില്ല' (ലൂക്കാ 1, 33) എന്ന തിരുവചനത്തിന്റെ വെളിച്ചത്തിൽ പ്രത്യാശയോടെ ജീവിക്കാൻ ഈ തിരുനാൾ നമ്മെ ആഹ്വാനം ചെയ്യുന്നു. ക്രിസ്തുവിന്റെ ആത്മീയ രാജത്വം കേവലം ഒരു സങ്കൽപ്പമല്ല, മറിച്ച് മാനവചരിത്രത്തിലെ പ്രതിസന്ധികളിൽ അത് സഭയുടെ ഏക പ്രത്യാശയായിരുന്നു.

ക്രിസ്തുവിന്റെ രാജത്വം ലോകം കൽപ്പിക്കുന്ന മേൽക്കോയ്മകളിൽ നിന്ന് തികച്ചും വിഭിന്നമാണ്. അധികാരത്തിലും, സമ്പത്തിലും, ആധിപത്യത്തിലും ലോകം മഹത്വം കണ്ടെത്തുമ്പോൾ, വിനീതമായ സേവനത്തിലൂടെയും കുരിശിലെ ആത്മസമർപ്പണത്തിലൂടെയുമാണ് ക്രിസ്തു തന്റെ രാജത്വം വെളിപ്പെടുത്തിയത്. ശിഷ്യന്മാരുടെ പാദങ്ങൾ കഴുകിയും, പാപികളെയും പാർശ്വവൽക്കരിക്കപ്പെട്ടവരെയും ചേർത്തുപിടിച്ചും, ശത്രുക്കൾക്ക് മാപ്പു നൽകിയും ശുശ്രൂഷയുടെ മാതൃക കാണിച്ച അവിടുന്ന് കാൽവരിയിൽ ജീവൻ ബലിയർപ്പിച്ചുകൊണ്ടാണ് സ്നേഹത്തിന്റെ നിത്യ രാജാവായി മാറിയത്.

ക്രിസ്തുനാഥൻ കാട്ടിത്തന്ന സ്നേഹത്തിന്റെയും ശുശ്രൂഷയുടെയും രാജത്വം നമ്മുടെ അനുദിന ജീവിതത്തിൽ യാഥാർത്ഥ്യമാക്കാനാണ് ഓരോ ക്രൈസ്തവനും വിളിക്കപ്പെട്ടിരിക്കുന്നത്. 'അവിടുത്തെ രാജ്യം വരണമേ' എന്ന് പ്രാർത്ഥിക്കുമ്പോൾ, ക്രിസ്തുവിന്റെ നാമം കേവലം അധരങ്ങൾകൊണ്ട് ഏറ്റുപറയുക മാത്രമല്ല അവിടുത്തെ എളിമയും ക്ഷമയും കരുണയും സ്വന്തമാക്കി, 'ഞാൻ നിങ്ങളെ സ്നേഹിച്ചത് പോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ' എന്ന കല്പന പ്രാവർത്തികമാക്കുകയാണ് നാം ചെയ്യേണ്ടത്.

സാങ്കേതികവിദ്യയുടെ അതിവേഗ വളർച്ചയിലും ഭൗതികനേട്ടങ്ങൾക്കായുള്ള മത്സരപ്പാച്ചിലിലും മുഴുകുന്ന ഇന്നത്തെ സമൂഹത്തിൽ സുവിശേഷമൂല്യങ്ങൾ പലപ്പോഴും അവഗണിക്കപ്പെടുന്നുണ്ട്. വ്യക്തികേന്ദ്രീകൃത ചിന്തകളും, ബന്ധങ്ങളിലെ അകൽച്ചയും, കുടുംബങ്ങളിലെ അസ്വസ്ഥതകളും വർദ്ധിച്ചുവരുന്ന ഈ സാഹചര്യത്തിൽ, ക്രിസ്തുവിന്റെ സ്നേഹരാജ്യത്തെ നമ്മുടെ കുടുംബങ്ങളിലും സമൂഹത്തിലും പ്രതിഷ്ഠിക്കാൻ ക്രൈസ്തവരായ നമുക്ക് പ്രത്യേകമായ ഉത്തരവാദിത്തമുണ്ട്. അപരനെ കരുതലോടെ ശ്രവിച്ചും, പാവപ്പെട്ടവരെയും രോഗികളെയും സഹായിച്ചും, പരസ്പരം ക്ഷമിച്ചും ജീവിക്കുമ്പോഴാണ് ക്രിസ്തു നമ്മുടെ ഇടയിൽ രാജാവായി വാഴുന്നത്.

പ്രിയ സഹോദരങ്ങളേ, നമ്മുടെ രൂപതയിലെ എല്ലാ ഇടവകകളിലും, കുടുംബ കൂട്ടായ്മകളിലും, ഭവനങ്ങളിലും ഈ തിരുനാൾ അർത്ഥപൂർണ്ണമായി ആചരിക്കുവാൻ നമുക്ക് ഒന്നുചേർന്ന് പരിശ്രമിക്കാം. അതിനായി ഏതാനും നിർദ്ദേശങ്ങൾ നൽകുവാൻ ആഗ്രഹിക്കുന്നു:

1. വി. കുർബാന, ആരാധന, പ്രദക്ഷിണം എന്നിവയോടെ ഈ തിരുനാൾ ഇടവകകളിൽ ആചരിക്കുക.
2. കുടുംബകൂട്ടായ്മകളിൽ ക്രിസ്തുവിന്റെ രാജത്വം പഠനവിഷയമാക്കുകയും കൂട്ടായ്മകളിൽ തിരുനാൾ ഉചിതമായ രീതിയിൽ ആചരിക്കുകയും ചെയ്യുക.
3. കുടുംബങ്ങളിൽ ഈശോയാണ് നാഥൻ എന്ന ബോധ്യം വളരുന്ന രീതിയിൽ ആത്മീയ നവീകരണത്തിന് പ്രേരണ നൽകുക (കുടുംബ പ്രാർത്ഥനയുടെ പ്രാധാന്യം).
4. രോഗികളും ദുർബലരുമായവരിലേക്ക് കരുണയുടെ കരം നീട്ടുക.
5. യുവജനങ്ങളുടെയും കുട്ടികളുടെയും വിശുദ്ധീകരണത്തിനായി പ്രാർത്ഥിക്കുക.

ക്രിസ്തു നമ്മുടെ രാജാവാണെന്ന് ഏറ്റുപറയുന്നത് അധരങ്ങളിലെ ഒരു വിശ്വാസപ്രഖ്യാപനം മാത്രമാകരുത്. അവിടുത്തെ സ്നേഹവും എളിമയും ത്യാഗവും സേവനവും നമ്മുടെ ജീവിതത്തിന്റെ അടയാളങ്ങളായി മാറണം. ക്രിസ്തുവിന് പ്രഥമസ്ഥാനം നൽകുന്ന കുടുംബങ്ങളും ഇടവകകളും സമൂഹങ്ങളും രൂപപ്പെടുത്താൻ ഈ തിരുനാൾ നമുക്ക് പ്രചോദനമാകട്ടെ.

ക്രിസ്തുരാജന്റെ അനുഗ്രഹം നമ്മുടെ രൂപതയിലും എല്ലാ കുടുംബങ്ങളിലും സമൃദ്ധമായി വർഷിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു. നിത്യരാജാവായ ഈശോമിശിഹായുടെ കൃപയും സമാധാനവും നിങ്ങളോടും നിങ്ങളുടെ കുടുംബങ്ങളോടും കൂടെ എപ്പോഴും ഉണ്ടായിരിക്കട്ടെ. ദൈവം നമ്മെ എല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

ഈശോമിശിഹായിൽ സ്നേഹപൂർവ്വം,
നിങ്ങളുടെ പിതാവ്,

**✠ ജോൺ നെല്ലിക്കുന്നേൽ**
ഇടുക്കി രൂപതാ മെത്രാൻ

---

ഈ സർക്കുലർ 2026 നവംബർ 15 ഞായറാഴ്ച രൂപതയിലെ എല്ലാ പള്ളികളിലും വിശുദ്ധ കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.

# കച്ചേരി വാർത്തകൾ

## C.83/26 Appointments

01. Abraham Pallithazhathu - Asst. Director Holy Childhood

**Holy Childhood - Mekhala Directors**

| | | | |
|---|---|---|---|
| 01. | Adimaly | - | Fr. Joseph Kuttikattu |
| 02. | Churuly | - | Fr. Sebastian Machukattu |
| 03. | Erattayar | - | Fr. Sebastian Chilambikunnel |
| 04. | Koompanpara | - | Fr. Francis Kuzhippallil |
| 05. | Kunchithanny | - | Fr. Philip Thazhathuveettil |
| 06. | Mankulam | - | Fr. Joseph Valliyamthadathil |
| 07. | Murickassery | - | Fr. Joseph Vadakkemuriyil |
| 08. | Nedumkandam | - | Fr. Abraham Pallithazhathu |
| 09. | Parathode | - | Fr. Thomas Vadakkeeanthottathil |
| 10. | Rajakadu | - | Fr. Jacob Kalathikkattil |
| 11. | Thankamany | - | Fr. Joseph Pallivathukkal |
| 12. | Vazhathope | - | Fr. Kurian Karrisseril |
| 13. | Vellayamkudy | - | Fr. Kurian Nadackal |

## C.84/26 Monthly Recollection for Priests

നവംബർ മാസത്തെ പഠനവിഷയം - YOUCAT 104 മുതൽ 108 വരെയുള്ള നമ്പറുകൾ ബഹു. വൈദികർ ഒരുമിച്ചുകൂടി വായിച്ച് ചർച്ച ചെയ്യുന്നു.

## C.85/26 വൈദിക സംഗമം

ഇടുക്കി രൂപതയിൽ വിവിധ ഇടവകകളിലും സന്ന്യസ്ത ഭവനങ്ങളിലും ശുശ്രൂഷ ചെയ്യുന്ന എല്ലാ വൈദികരുടേയും ഒരു സംഗമം 2026 നവംബർ 26-ാം തീയതി വ്യാഴാഴ്ച ഉച്ചകഴിഞ്ഞ് 2.00 pm മുതൽ 9.00 pm

വരെ രാജകുമാരി സെന്റ് മേരീസ് സെൻട്രൽ സ്കൂളിൽ ക്രമീകരിച്ചിരിക്കുന്നു. എല്ലാ വൈദികരേയും പ്രസ്തുത സംഗമത്തിലേക്ക് സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

### C.86/26 പാസ്റ്ററൽ കൗൺസിൽ

ഇടുക്കി രൂപതാ പാസ്റ്ററൽ കൗൺസിൽ യോഗം 2026 ഡിസംബർ 12-ാം തീയതി ശനിയാഴ്ച തടിയമ്പാട് പോപ്പ് ഫ്രാൻസിസ് സോഷ്യോ-എജ്യൂക്കേഷൻ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. രാവിലെ 10.00-ന് ആരംഭിച്ച് ഉച്ചകഴിഞ്ഞ് 3.30-ന് അവസാനിക്കുന്നതായിരിക്കും. എല്ലാ പാസ്റ്ററൽ കൗൺസിൽ അംഗങ്ങളും പ്രസ്തുത യോഗത്തിൽ പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

### C.87/26 തിരുപ്പട്ടം സ്വീകരിക്കുന്ന ഡീക്കന്മാരുടെ സംഗമം

ഇടുക്കി രൂപതയിൽ നിന്നും 2026-27 വർഷത്തിൽ തിരുപ്പട്ടം സ്വീകരിക്കാനൊരുങ്ങുന്ന ബഹുമാനപ്പെട്ട ഡീക്കന്മാരുടെയും അവരുടെ മാതാപിതാക്കന്മാരുടെയും വികാരിയച്ചന്മാരുടെയും ഒരു സമ്മേളനം 2026 ഡിസംബർ 4-ാം തീയതി വെള്ളിയാഴ്ച രാവിലെ 10.30-ന് കരിമ്പൻ രൂപതാ കേന്ദ്രത്തിൽ വച്ച് നടത്തപ്പെടുന്നു. തിരുപ്പട്ട സ്വീകരണത്തെയും അതിന്റെ ക്രമീകരണങ്ങളെയും സംബന്ധിച്ച പൊതു നിർദ്ദേശങ്ങൾ നൽകുന്ന ഈ സംഗമത്തിലേയ്ക്ക് സന്ന്യാസ സഭകൾക്കായി പട്ടം സ്വീകരിക്കാൻ ഒരുങ്ങുന്നവരുൾപ്പെടെ എല്ലാ ഡീക്കന്മാരുടെയും അവരുടെ മാതാപിതാക്കന്മാരുടെയും സാന്നിധ്യം ബഹുമാനപ്പെട്ട വികാരയച്ചന്മാർ ഉറപ്പുവരുത്തുകയും ഇതിൽ പങ്കെടുക്കുന്നവരുടെ എണ്ണം മുൻകൂട്ടി ചാൻസലറച്ചനെ (9947041866) അറിയിക്കുകയും ചെയ്യുമല്ലോ.

### C.88/26 മാർ മാത്യു ആനിക്കുഴിക്കാട്ടിൽ മെമ്മോറിയൽ വോളിബോൾ ടൂർണ്ണമെന്റ്

ഇടുക്കി രൂപതയുടെ പ്രഥമ മെത്രാനായിരുന്ന മാർ മാത്യു ആനിക്കുഴിക്കാട്ടിൽ പിതാവിന്റെ അനുസ്മരണാർത്ഥം മാർ മാത്യു ആനിക്കുഴിക്കാട്ടിൽ മെമ്മോറിയൽ എവർറോളിംഗ് ട്രോഫിക്ക് വേണ്ടിയുള്ള ഇന്റർ പാരിഷ് വോളിബോൾ ടൂർണമെന്റ് സീസൺ-2 ഡിസംബർ 4, 5, 6 തീയതികളിൽ മുരിക്കാശേരി പാവനാത്മാ കോളേജിന്റെ ഇൻഡോർ സ്റ്റേഡിയത്തിൽ വച്ച് നടത്തപ്പെടുന്നു. രജിസ്ട്രേഷൻ ഫീസ് 1000 രൂപ.

## C.89/26 കരോൾഗാന മത്സരം

ഫ്രാൻസിസ്കൻ ജൂബിലി വർഷാചരണത്തോടനുബന്ധിച്ച് രൂപതാ തല കരോൾഗാന മത്സരം ഇടവകകൾക്കായി നടത്തുന്നു. ഇടവകകൾക്ക് വേണ്ടിയുള്ള കരോൾ ഗാന മത്സരത്തിന്റെ പ്രാഥമിക ഘട്ടം ഫൊറോനാ തലത്തിൽ നടത്തി ഒന്നാം സ്ഥാനം നേടുന്ന ടീം രൂപതാ തല മത്സരത്തിൽ പങ്കെടുക്കുന്ന രീതിയിലാണ് മത്സരം ക്രമീകരിക്കുക. രൂപതാ തലത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനം നേടുന്നവർക്ക് യഥാക്രമം 7001, 5001, 3001 ക്യാഷ് പ്രൈസ് നൽകുന്നതാണ്. പങ്കെടുക്കാൻ ആഗ്രഹിക്കുന്ന ഇടവകകൾ നവംബർ 20-ന് മുമ്പ് 9061164003 എന്ന നമ്പറിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. മത്സരത്തിന്റെ നിബന്ധനകൾ പിന്നീട് നൽകുന്നതാണ്.

## C.90/26 പ്രാർത്ഥനാശംസകൾ

ഇടുക്കി രൂപതയ്ക്ക് വേണ്ടി റോമിൽ വച്ച് അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവിൽ നിന്ന് ഹെവ്പദ്യാക്ക്നൂസാ പട്ടം സ്വീകരിച്ച ബ്രദർ മാത്യു പുറവക്കാട്ടിന് ഇടുക്കി രൂപതാ കുടുംബത്തിന്റെ പ്രാർത്ഥനാശംസകൾ.

## C.91/26 പൗരോഹിത്യ സുവർണ്ണ – രജത ജൂബിലി ആഘോഷം

ഈ വർഷം പൗരോഹിത്യത്തിന്റെ 50 വർഷവും 25 വർഷവും പിന്നിടുന്ന ഇടുക്കി, കോതമംഗലം രൂപതകളിലെ എല്ലാ ബഹുമാനപ്പെട്ട അച്ചന്മാർക്കും പ്രാർത്ഥനാശംസകൾ നേരുന്നു. പ്രസ്തുത ജൂബിലേറിയൻമാരുടെ സംഗമം നവംബർ 23 തിങ്കളാഴ്ച മാർ എഫ്രേം മൈനർ സെമിനാരിയിൽ വച്ച് നടത്തുന്നു.

**സുവർണ്ണ ജൂബിലി**

കോതമംഗലം രൂപത

1. ഫാ. ജോസ് മോനിപ്പിള്ളി
2. ഫാ. പോൾ നെടുംപുറത്ത്
3. ഫാ. ജോർജ് തെക്കേയറ്റത്ത്
4. ഫാ. ജോസഫ് വള്ളിയാംതടം

**രജത ജൂബിലി**

ഇടുക്കി രൂപത

1. ഫാ. മാത്യു ചെറുപറമ്പിൽ

കോതമംഗലം രൂപത

2. ഫാ. തോമസ് കളരിപ്പറമ്പിൽ
3. ഫാ. ജോൺസൺ ഓറോപ്ലാക്കൽ
4. ഫാ. ഫ്രാൻസിസ് പിട്ടാപ്പിള്ളിൽ
5. ഫാ. ആന്റണി പുലിമലയിൽ

## C.92/26 തിരുനാൾ മംഗളങ്ങൾ

| | |
|---|---|
| ഫാ. മാർട്ടിൻ പൊൻപനാൽ | നവംബർ 03 |
| ഫാ. സഖറിയാസ് കുറുപ്പശ്ശേരിൽ | നവംബർ 05 |
| ഫാ. സഖറിയാസ് പുതിയാപറമ്പിൽ | ” |
| ഫാ. സഖറിയാസ് കുമ്മണ്ണുപറമ്പിൽ | ” |
| ഫാ. ചെറിയാൻ തുമ്പയിൽപുത്തൻപുരയിൽ | ” |
| ഫാ. സ്കറിയ ഉറുമ്പിൽ | ” |
| ഫാ. സ്കറിയ കൈപ്പയിൽ | ” |
| ഫാ. സ്കറിയ പ്ലാത്തറ | ” |

## അറിയിപ്പ്

### Mission Fund Collection 2026

മിഷൻ ഞായറിനോട് അനുബന്ധിച്ച് ഓരോ ഇടവകയിലും സമാഹരിച്ചിട്ടുള്ള തുകകൾ അതാത് ഇടവകകളുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുകയും തുടർന്ന് സാന്താ മരിയ മിഷന്റെ താഴെ നൽകിയിട്ടുള്ള അക്കൗണ്ടിലേക്ക് പ്രസ്തുത തുകകൾ 2026 നവംബർ 15-ന് മുൻപായി ട്രാൻസ്ഫർ ചെയ്ത് സഹകരിക്കുകയും ചെയ്യണമെന്ന് ഓർമ്മിപ്പിക്കുന്നു.

**ACCOUNT DETAILS**

| | | |
|---|---|---|
| Name | : | **ARUNODAYA CHARITABLE TRUST** |
| Acc. No. | : | **24360200001683** |
| IFSC | : | **FDRL0002436** |
| BANK | : | **FEDERAL BANK** |
| BRANCH | : | **ITANAGAR** |

NB:- ഓരോ ഇടവകയിൽ നിന്നും ട്രാൻസ്ഫർ ചെയ്യുന്ന തുകയും, അയച്ച തീയതിയും, താഴെ നൽകുന്ന വാട്സ്ആപ്പ് നമ്പറിലേക്ക് അയക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

+91 9447511014

# ഇടുക്കി രൂപത
# രജത ജൂബിലി

**JBL.01/26 ജൂബിലി ലോഗോ മത്സരം**

ഇടുക്കി രൂപതയുടെ രജത ജൂബിലി ആഘോഷങ്ങളുടെ ഭാഗമായുള്ള ജൂബിലി ലോഗോ തയാറാക്കുന്നതിനായി ലോഗോ മത്സരം നടത്തുന്നു.

**ലോഗോ ഡിസൈൻ മത്സരത്തിനുള്ള നിർദ്ദേശങ്ങൾ**

**പൊതുനിർദ്ദേശങ്ങൾ**

1. TOPIC : 25 വർഷങ്ങൾക്കു മുൻപ് ഹൈറേഞ്ചിൽ ദൈവപരിപാലനയാൽ രൂപപ്പെടുകയും, ഇന്നും നയിക്കപ്പെടുകയും ചെയ്യുന്ന ഇടുക്കി രൂപത.
2. ഡിസൈൻ 100% സ്വന്തം സൃഷ്ടിയായിരിക്കണം. കോപ്പിറൈറ്റ് ഉള്ള ചിത്രങ്ങൾ, സ്റ്റോക്ക് വെക്ടറുകൾ എന്നിവ സ്വീകരിക്കുന്നതല്ല.
3. ലോഗോയോടൊപ്പം മത്സരാർത്ഥിയുടെ വിവരങ്ങൾ (പേര്, ഇടവക, ഫോൺ നമ്പർ), ഡിസൈൻ കൺസെപ്റ്റ് വിശദീകരണം (100 – 250 വാക്കുകളിൽ) എന്നിവ നൽകേണ്ടതാണ്.
4. ലോഗോ സമർപ്പിക്കേണ്ട അവസാന തീയതി 2026 നവംബർ 10.
5. തിരഞ്ഞെടുക്കപ്പെടുന്ന ലോഗോയിൽ ജൂബിലി വർഷത്തിന്റെ ബ്രാൻഡിംഗ്, കളർ തീം എന്നിവ അനുസരിച്ച് ഡിജിറ്റൽ, പ്രിന്റ് മീഡിയയ്ക്ക് അനുസൃത മായുള്ള മാറ്റങ്ങൾ (Color Combination, Combination Mark) വരുത്തുന്ന താണ്.
6. ലോഗോ സമർപ്പിക്കേണ്ടത് : WhatsApp : +91 90743 49835
   E-Mail: mediacommissionidukki@gmail.com

**DIGITAL LOGO**

1. LOGO മാസ്റ്റർ ഫയലുകൾ PNG / JPEG/ AI / EPS / SVG / PSD / PDF എന്നീ ഫോർമാറ്റുകളിൽ സമർപ്പിക്കാവുന്നതാണ് .
2. കുറഞ്ഞത് 300 DPI (2000 × 2000 px) റെസല്യൂഷൻ ഉണ്ടായിരിക്കണം.

**HAND DRAWN LOGO**

1. വരകൾ ഇല്ലാത്ത വെള്ള A4 പേപ്പറിൽ 1 cm മാർജിനിൽ പെൻസിൽ, പേന, അക്രിലിക്, വാട്ടർ കളർ ഉപയോഗിച്ച് വരയ്ക്കാവുന്നതാണ്.
2. വ്യക്തതയുള്ള 300 DPI സ്കാൻ ചെയ്ത് PDF അല്ലെങ്കിൽ JPEG രൂപത്തിൽ സമർപ്പിക്കുക (മൊബൈൽ ഫോട്ടോകൾ ഒഴിവാക്കുക).

**മോൺ. ജോസ് കരിവേലിക്കൽ**

# സാന്താ മരിയ മിഷൻ

**SA.32/26 മിഷൻ സന്ദർശനങ്ങൾ**

മിഷൻ മാസത്തോടനുബന്ധിച്ച് ഫാ. ജെയിംസ് മാക്കിയിൽ സാന്താ മരിയ മിഷന്റെ വിവിധ കേന്ദ്രങ്ങൾ സന്ദർശിച്ച് വചനപ്രഘോഷണം നടത്തുകയും മിഷനറിമാരുടെ സേവനങ്ങളെ അഭിനന്ദിക്കുകയും ചെയ്തു.

ഇന്ത്യൻ ആർമിയിലെ ജൂനിയർ കമ്മീഷൻഡ് ഓഫീസറായ ഫാ. ജിസ്സ് കിഴക്കേൽ CST, സുഹൃത്തായ റവ. ഡോ. ലിറ്റോ CST എന്നിവർ സാന്താ മരിയ മിഷൻ സന്ദർശിച്ചു. അവരുടെ സന്ദർശനം മിഷനിലെ ജനങ്ങൾക്കും മിഷനറിമാർക്കും വലിയ പ്രചോദനമായി.

**IAS ഉദ്യോഗസ്ഥരുടെ സന്ദർശനം** : ശ്രീമതി ശ്രീവെങ്കടപ്രിയ IAS, ശ്രീമതി വലർമല്ലി IAS, ശ്രീമതി രമണസരസ്വതി IAS എന്നിവർ കുടുംബസമേതം സാന്താ മരിയ മിഷന്റെ സിറോ പ്രയർ ഹൗസ് സന്ദർശിച്ചു. മിഷന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ചോദിച്ചറിഞ്ഞ അവർ, ദക്ഷിണേന്ത്യയിൽനിന്നുള്ള മിഷനറിമാർ ഈ പ്രദേശത്ത് നടത്തുന്ന സേവനങ്ങളെ അഭിനന്ദിച്ചു.

**SA.33/26 ഭവനസന്ദർശനവും പ്രാർത്ഥനാശുശ്രൂഷകളും**

അത്മായ മിഷനറിയും വചനപ്രഘോഷകനുമായ ബ്രദർ ജെറിൽ ആന്റണി (കോഴിക്കോട്), ഫാ. ജോസ് ചിറ്റടിക്കൊപ്പം സാന്താ മരിയ മിഷന്റെ വിവിധ കേന്ദ്രങ്ങൾ സന്ദർശിച്ചു. ഭവന സന്ദർശനങ്ങളിലൂടെയും പ്രാർത്ഥനാശുശ്രൂഷകളിലൂടെയും ജനങ്ങളുമായി വിശ്വാസാനുഭവങ്ങൾ പങ്കുവെച്ചു.

**SA.34/26 വൈദികരുടെയും സന്ന്യസ്തരുടെയും മാസധ്യാനം**

ഒക്ടോബർ 9, 10 തീയതികളിൽ സിറോ പ്രയർ സെന്ററിൽ വൈദികർക്കും സന്ന്യസ്തർക്കുമായി മാസധ്യാനം നടന്നു. ഫാ. ജെയിംസ് മാക്കിയിൽ ധ്യാന സന്ദേശം നൽകി.

**SA.35/26 മിഷൻ മാസാചരണം**

ഒക്ടോബർ 25 ഞായറാഴ്ച സിറോയിലെ വിവിധ ദീത്തുകളിൽ നിന്നുള്ള മിഷനറിമാർ സാന്താ മരിയ പ്രയർ ഹൗസിൽ ഒത്തുചേർന്നു. പ്രാർത്ഥനയ്ക്കു ശേഷം മിഷൻ അനുഭവങ്ങളും ഭാവി ദർശനങ്ങളും പങ്കുവയ്ക്കുകയും സ്നേഹവിരുന്നിൽ പങ്കെടുക്കുകയും ചെയ്തു. സി. ലീസ്ബത്ത് SABS സംഗമത്തിന് നേതൃത്വം നൽകി.

**SA.36/26 കുട്ടികൾക്കായി സൗജന്യ ഇംഗ്ലീഷ് ഭാഷാ പരിശീലനം**

സാന്താ മരിയ മിഷന്റെ ദുംപൊരിജോ കേന്ദ്രത്തിൽ കുട്ടികൾക്കായി സൗജന്യ അവധിക്കാല ഇംഗ്ലീഷ് ഭാഷാ പരിശീലനം സംഘടിപ്പിച്ചു. ഫാ. ജോൺ തൊണ്ണംമാക്കലിന്റെയും സി. ജോസിലിൻ SMC, സി. മരിയ SMC എന്നിവരുടെയും നേതൃത്വത്തിലാണ് പരിശീലനം നടന്നത്.

**SA.37/26 രാഗാ മിഷനിൽ ഹോം മിഷൻ**

രാഗാ മിഷനിൽ സി. ട്രീസ SH-ന്റെ നേതൃത്വത്തിൽ ഹോം മിഷൻ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

**SA.38/26 ജപമാല മാസാചരണം**

സെപ്പ മിഷനിൽ ജപമാല മാസാചരണത്തിന്റെ സമാപനത്തോടനുബന്ധിച്ച് ജപമാല റാലിയും നേർച്ചസദ്യയും സംഘടിപ്പിച്ചു. വിശ്വാസികളുടെ പങ്കാളിത്തത്തോടെ നടന്ന ഈ പരിപാടി പ്രാർത്ഥനയുടെയും കൂട്ടായ്മയുടെയും അനുഭവമായി.

**SA.39/26 ഗ്രാമീണ വനിതകൾക്കായി തയ്യൽ പരിശീലനം**

മുറി മുഗ്ളി മിഷനിൽ സി. ജിൻസ റോസ് CMC-യുടെ നേതൃത്വത്തിൽ ഗ്രാമീണ വനിതകൾക്കായി തയ്യൽ പരിശീലനം ആരംഭിച്ചു.

**SA.40/26 സിപ്പി ഗ്രാമത്തിൽ പുതിയ പള്ളിയുടെ നിർമ്മാണം ആരംഭിച്ചു**

മുറി മുഗ്ളി മിഷന്റെ പ്രവർത്തനഫലമായി കണ്ടെത്തിയ സിപ്പി ഗ്രാമത്തിൽ പുതിയ വില്ലേജ് പള്ളിയുടെ നിർമ്മാണം ആരംഭിച്ചു. ഫാ. മാത്യു ഈന്തോട്ടത്തിലിന്റെയും കർമ്മലീത്താ സന്ന്യാസിനിമാരുടെയും പ്രവർത്തനങ്ങളിലൂടെ കണ്ടെത്തിയ സ്ഥലത്ത് ശ്രീ. തത്തും സിഗയുടെ നേതൃത്വത്തിൽ ദാനമായി ലഭിച്ച ഭൂമിയിലാണ് നിർമ്മാണം ആരംഭിച്ചിരിക്കുന്നത്. ഗ്രാമത്തിലെ വിശ്വാസജീവിതം വളർത്തുന്നതിനും പ്രാർത്ഥനയ്ക്കും ആരാധനയ്ക്കുമായി സ്ഥിരമായ ഒരു കേന്ദ്രം ഒരുക്കുന്നതിനും ഈ സംരംഭം സഹായകമാകും.

**SA.41/26 സിറോവാലി സ്കൂളിന് ഉന്നത വിജയം**

അഞ്ചാമത് ലോവർ സുബാൻസിരി ജില്ലാ കലോത്സവത്തിൽ 17 ഇനങ്ങളിൽ സമ്മാനങ്ങൾ നേടി സിറോവാലി സ്കൂൾ ശ്രദ്ധേയമായ നേട്ടം കൈവരിച്ചു. ജില്ലയിലെ 53 സ്കൂളുകളിൽ മികച്ച അഞ്ച് സ്കൂളുകളിലൊന്നായി ഇടംനേടാനും സ്കൂളിന് സാധിച്ചു.

**SA.42/26 സേവനത്തിലൂടെ സുവിശേഷസാക്ഷ്യം**

സുവിശേഷപ്രഘോഷണം, ആത്മീയ നവീകരണം, വിദ്യാഭ്യാസം, വനിതാശാക്തീകരണം, ഗ്രാമീണ വികസനം എന്നിവ സമന്വയിപ്പിച്ചുകൊണ്ട് സാന്താ മരിയ മിഷൻ വിവിധ മേഖലകളിൽ സജീവമായി മുന്നേറുന്നു. ജനങ്ങളോടൊപ്പം സഞ്ചരിച്ചും അവരുടെ ആവശ്യങ്ങളിൽ

പങ്കുചേർന്നും ക്രിസ്തുവിന്റെ സ്നേഹവും കരുണയും പകർന്നുനൽകുന്ന മിഷൻ പ്രവർത്തനങ്ങൾ കൂടുതൽ ഗ്രാമങ്ങളിലേക്ക് വ്യാപിച്ചുകൊണ്ടിരിക്കുന്നു.

# മാർ എഫ്രേം മൈനർ സെമിനാരി

**MS.29/26 പേരന്റ്സ് മീറ്റ്**

വൈദിക വിദ്യാർത്ഥികളുടെ മാതാപിതാക്കന്മാരുടെ ഒരു സമ്മേളനം ഒക്ടോബർ മാസം നാലാം തീയതി ഞായറാഴ്ച നടത്തപ്പെട്ടു.

**MS.30/26 ഫ്രാൻസിസ്കൻ ജൂബിലി വർഷ ഉദ്ഘാടനം**

ഒക്ടോബർ മാസം നാലാം തീയതി ഞായറാഴ്ച കത്തീഡ്രൽ പള്ളിയിൽ വച്ച് നടത്തിയ ഫ്രാൻസിസ്കൻ ജൂബിലി വർഷാചരണ സമ്മേളനത്തിലും വിശുദ്ധ കുർബാനയിലും വൈദിക വിദ്യാർത്ഥികൾ പങ്കെടുത്തു.

**MS.31/26 മിഷൻ ഷെയറിംഗ്**

വൈദിക വിദ്യാർത്ഥികൾ നമ്മുടെ രൂപതയുടെ മിഷനായ സാന്താ മരിയ മിഷന്റെ പ്രവർത്തനങ്ങൾ മനസ്സിലാക്കുന്നതിനായി അവിടെ സേവനം ചെയ്യുന്ന ബഹുമാനപ്പെട്ട ജോസഫ് കൊച്ചുചേന്നാട്ട് അച്ചൻ മിഷൻ അനുഭവങ്ങൾ പങ്കുവച്ചു.

**MS.32/26 മിഷൻ ഞായർ ആചരണം**

സഭയുടെ പ്രേഷിത പ്രവർത്തനങ്ങളെക്കുറിച്ച് വൈദിക വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുവാനും മിഷൻ മേഖലകളെ സഹായിക്കുവാനുമായി ഒക്ടോബർ മാസം പതിനെട്ടാം തീയതി ഞായറാഴ്ച മിഷൻ ഞായർ ആചരണം സമുചിതമായി നടത്തി. വൈദിക വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ സാന്താ മരിയ മിഷനെ സാമ്പത്തികമായി സഹായിക്കുന്നതിന് വേണ്ടി വിവിധ മത്സരങ്ങളും മിഷൻ ലേലവും നടത്തപ്പെട്ടു.

**MS.33/26 ദൈവവിളി ക്യാമ്പ്**

ഇടുക്കി രൂപത മൈനർ സെമിനാരിയിൽ ചേർന്ന് വൈദിക പരിശീലനം നടത്താൻ താല്പര്യം ഉള്ള 10, 12 ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് വേണ്ടി തടിയമ്പാടുള്ള മാർ ഏഫ്രേം മൈനർ സെമിനാരിയിൽ വച്ച് ഡിസംബർ മാസം 21, 22 തീയതികളിൽ ഒരു ദൈവവിളി ക്യാമ്പ് നടത്തുകയാണ്. ഈ ദൈവവിളി

ക്യാമ്പിലേക്ക് ഇടവകയിൽ നിന്ന് താല്പര്യമുള്ള കുട്ടികളെ പറഞ്ഞു വിടുവാൻ ബഹുമാനപ്പെട്ട അച്ചന്മാരും സിസ്റ്റേഴ്സും മതാധ്യാപകരും സഹകരിക്കുമല്ലോ.

**MS.34/26 സെമിനാരിക്ക് സംഭാവനകൾ നൽകിയവർ**

1) ജോസ് മാത്യു പാറപ്പുറം, മങ്കുവ – 10000
2) മേരി മുക്കാലിക്കുന്നേൽ പാലാർ – 5000

# സെന്റ് ജോസഫ് ഫോർമേഷൻ ഹൗസ്

**FY.16/26 പരിശുദ്ധ ജപമാല രാജ്ഞിയുടെ തിരുനാൾ**

പരിശുദ്ധ ജപമാല രാജ്ഞിയുടെ തിരുനാളിനോട് അനുബന്ധിച്ച് പൂപ്പാറ വേളാങ്കണ്ണി മാതാ പള്ളിയിൽ വിശുദ്ധ കുർബാനയിൽ പങ്കെടുക്കുകയും അഖണ്ഡ ജപമാലയ്ക്ക് നേതൃത്വം നൽകുകയും ചെയ്തു.

**FY.17/26 മിഷൻ സായാഹ്നം**

മിഷൻ മാസത്തോടനുബന്ധിച്ച് മിഷൻ സായാഹ്നം സംഘടിപ്പിച്ചു. പ്രാർത്ഥനയോടെ ആരംഭിച്ച പ്രോഗ്രാമിൽ വിവിധ ഗെയിമുകളും മിഷൻ ട്രീയും ലേലവും നടത്തപ്പെട്ടു. രാജാക്കാട്, കുഞ്ചിത്തണ്ണി ഫൊറോനകളിലെ വൈദികരും സിസ്റ്റേഴ്സും പ്രോഗ്രാമിൽ പങ്കെടുത്തു.

**FY.18/26 മിഷൻ സൺഡേ**

മിഷൻ സൺഡേയോട് അനുബന്ധിച്ച് എൻ.ആർ. സിറ്റി ക്നാനായ പള്ളിയിൽ വിശുദ്ധ കുർബാനയിൽ പങ്കെടുക്കുകയും വിവിധ ഗെയിമുകൾ നടത്തുകയും കലാപരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു.

**FY.19/26 മിഷൻ യാത്ര**

വൈദിക വിദ്യാർത്ഥികളിൽ മിഷൻ ആഭിമുഖ്യം വളർത്തുന്നതിനും മിഷൻ അനുഭവം സ്വന്തമാക്കുന്നതിനുമായി സീറോ മലബാർ സഭയുടെ മിഷൻ രൂപതയായ ജഗദൽപൂരിലേക്ക് ഒരു മാസത്തെ മിഷൻ പ്രവർത്തനങ്ങൾക്കായി പുറപ്പെട്ടു.

# കുടുംബ കൂട്ടായ്മ

**KK.12/26 ചർച്ചാ സഹായി**

നവംബർ മാസത്തിൽ നടത്തുന്ന കുടുംബക്കൂട്ടായ്മകളിൽ ഉപയോഗിക്കാനുള്ള ചർച്ചാ സഹായി ഇതോടൊപ്പം നൽകുന്നു.

## ക്രിസ്തുവിന്റെ രാജത്വത്തിരുനാൾ

ആഗോള കത്തോലിക്കാ സഭ ഏറെ ഭക്തിനിർഭരമായി ആഘോഷിക്കുന്ന തിരുനാളുകളിൽ ഒന്നാണ് 'ക്രിസ്തുരാജന്റെ തിരുനാൾ'. ദൈവപുത്രനായ ഈശോമിശിഹായ്ക്ക് സകലജനപദങ്ങളുടെയും, സൃഷ്ടപ്രപഞ്ചത്തിന്റെയും മേലുള്ള നിത്യമായ രാജത്വത്തെ ആഘോഷിക്കുന്ന തിരുനാളാണിത്. ഈ തിരുനാളിന്റെ സഭാചരിത്രപരമായ പശ്ചാത്തലവും, പഴയനിയമത്തിലും പുതിയനിയമത്തിലും വെളിവാക്കപ്പെടുന്ന ക്രിസ്തുരാജ സങ്കൽപ്പവും പരിശോധിക്കുന്നത് ക്രിസ്തീയ വിശ്വാസത്തെയും ജീവിതത്തെയും കൂടുതൽ അർത്ഥപൂർണ്ണമാക്കാൻ സഹായിക്കും.

### സഭാചരിത്ര പശ്ചാത്തലം

സഭാചരിത്രത്തിൽ ക്രിസ്തുവിന്റെ രാജത്വം സവിശേഷമായി പ്രഘോഷിക്കപ്പെട്ടിരുന്നു. ആദിമസഭ മുതൽക്കേ സർവ്വശക്തനായ ഭരണാധികാരി എന്ന അർത്ഥത്തിൽ 'ക്രിസ്തോസ് പാന്തോക്രാത്തോർ' എന്ന ദൈവശാസ്ത്രചിന്ത ഗ്രീക്ക് പാരമ്പര്യങ്ങളിൽ ഉൾപ്പെടെ സജീവമായിരുന്നു. പിന്നീട് 1899-ൽ ലിയോ പതിമൂന്നാമൻ മാർപാപ്പ 'ആന്നും സാക്രും' എന്ന ചാക്രികലേഖനത്തിലൂടെ മനുഷ്യകുലത്തെയാകെ ക്രിസ്തുവിന്റെ തിരുഹൃദയത്തിന് സമർപ്പിച്ചതും ഈ രാജത്വത്തിന്റെ അടിസ്ഥാനത്തിലാണ്. തുടർന്ന് ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ലോകത്തെ പിടിച്ചുകുലുക്കിയ ഒന്നാം ലോകമഹായുദ്ധത്തിന്റെ ഭീകരതയും, ദശലക്ഷക്കണക്കിന് മനുഷ്യരുടെ ജീവനഷ്ടവും, യൂറോപ്പിൽ ഉയർന്നുവന്ന തീവ്ര ദേശീയതയും നിരീശ്വരവാദവും സമൂഹത്തെ അശാന്തിയിലാഴ്ത്തി. ആ പ്രതിസന്ധിഘട്ടത്തിൽ, മനുഷ്യനിർമ്മിതമായ ഉടമ്പടികൾക്കല്ല, മറിച്ച് ക്രിസ്തുവിന്റെ സ്നേഹസാമ്രാജ്യത്തിന് മാത്രമേ ലോകത്തിന് യഥാർത്ഥ സമാധാനം നൽകാൻ കഴിയൂ എന്ന് 1922-ൽ പതിനൊന്നാം പീയൂസ് പാപ്പാ 'ഊബി ആർക്കാനോ ദേയി കൊൺസീലിയോ' എന്ന പ്രഥമ ചാക്രികലേഖനത്തിലൂടെ ലോകത്തെ ഓർമ്മിപ്പിച്ചു. തുടർന്ന് 1925 ഡിസംബർ 11-ന് പതിനൊന്നാം പീയൂസ് മാർപാപ്പ ഭൗതിക അധികാരമോഹങ്ങൾക്കും മതനിഷേധ ചിന്തകൾക്കുമുള്ള

ശക്തമായ ആത്മീയ പ്രതികരണമായി 'ക്വാസ് പ്രിമാസ് ' എന്ന ചാക്രിക ലേഖന ത്തിലൂടെ ക്രിസ്തുവിന്റെ രാജത്വത്തിരുനാൾ ഔദ്യോഗികമായി സഭയിൽ സ്ഥാപിച്ചു.

## വിശുദ്ധഗ്രന്ഥ പശ്ചാത്തലം

### പഴയനിയമ കാഴ്ചപ്പാട്

ക്രിസ്തുരാജന്റെ തിരുനാളിന്റെ ബൈബിൾ പശ്ചാത്തലം മനസ്സിലാ ക്കാൻ, ദൈവത്തിന്റെ രാജത്വത്തെക്കുറിച്ചുള്ള പഴയനിയമത്തിലെ യഹൂദസ ങ്കൽപ്പവും, വാഗ്ദാനം ചെയ്യപ്പെട്ട മിശിഹായുടെ രാജത്വത്തെക്കുറിച്ചുള്ള പ്രവച നങ്ങളും പ്രതീക്ഷകളും മനസ്സിലാക്കുന്നത് ഏറെ പ്രധാനമാണ്.

**1. യഹോവയാണ് യഥാർത്ഥ രാജാവ്**

യഹൂദ വിശ്വാസത്തിൽ ദൈവം പ്രപഞ്ചത്തിന്റെ സ്രഷ്ടാവും ഇസ്രായേൽ ജനതയുടെ യഥാർത്ഥ രാജാവുമാണ്. സങ്കീർത്തകൻ പ്രസ്താവിക്കുന്നതു പോലെ, 'കർത്താവ് രാജാവാണ്; അവിടുന്ന് മഹത്വം ധരിച്ചിരിക്കുന്നു' (സങ്കീ. 93, 1), 'കർത്താവ് എന്നേക്കും രാജാവാണ്' (സങ്കീ. 10, 16) എന്ന ബോധ്യം യഹൂദജന തയുടെ മനസ്സിൽ ആഴത്തിൽ വേരോടിയിരുന്നു.

**2. മനുഷ്യരാജാവും ദൈവത്തിന്റെ രാജത്വവും**

ആദ്യകാല ഇസ്രായേലിൽ ദൈവം തന്നെയാണ് ജനത്തിന്റെ രാജാ വെന്ന് വിശ്വസിച്ചിരുന്നു. എന്നാൽ, കലാന്തരത്തിൽ മറ്റു ജനതകളെപ്പോലെ തങ്ങൾക്കും ഒരു രാജാവ് വേണമെന്ന് ഇസ്രായേൽ ജനത ആവശ്യപ്പെടുകയും (1 സാമു. 8, 57) ദൈവം അവർക്കായി രാജാക്കന്മാരെ വാഴിക്കുകയും ചെയ്തു. മനുഷ്യരാജാക്കന്മാർക്ക് അധികാരം ലഭിച്ചാലും പരമാധികാരം ദൈവത്തിനാണ്. രാജാവിന്റെ അധികാരം ദൈവത്തിന്റെ നിയമത്തിനും നീതിക്കും വിധേയമായിരി ക്കണം എന്നും, രാജാവ് ദൈവത്തിന്റെ നീതിയും സമാധാനവും നടപ്പാക്കാ നാണ് വിളിക്കപ്പെട്ടത് എന്നും ബൈബിൾ പഠിപ്പിക്കുന്നു.

**3. ദാവീദിന്റെ വംശത്തിൽനിന്നുള്ള മിശിഹായെക്കുറിച്ചുള്ള പ്രതീക്ഷ**

ദാവീദ് രാജാവിനോട് ദൈവം നൽകിയ വാഗ്ദാനം യഹൂദരുടെ മിശിഹാ പ്രതീക്ഷയുടെ പ്രധാന അടിത്തറയായി മാറി (2 സാമു. 7, 12-16). ദാവീദിന്റെ വംശ ത്തിൽ നിന്ന് ഉയർന്നുവരുന്ന ഒരു നീതിമാനായ രാജാവ് ഇസ്രായേലിനെ നയി ക്കുമെന്നും ജനങ്ങൾക്ക് നീതിയും സമാധാനവും പുനഃസ്ഥാപിക്കുമെന്നും പ്ര വാചകന്മാർ പ്രഖ്യാപിച്ചു. ഉദാ: നീതിയിലും സമാധാനത്തിലും ഭരണം നടത്തുന്ന രാജാവിനെപ്പറ്റിയുള്ള പ്രവചനം (ഏശ. 9, 6-7), ദാവീദിന്റെ വംശത്തിൽനിന്ന് ഉയർ ന്നുവരുന്ന രാജാവും സമാധാനപൂർണ്ണമായ പുതിയ കാലം (ഏശ. 11, 19), സകല ജനതകളുടെയും മേൽ ശാശ്വതമായ ആധിപത്യം ലഭിക്കുന്ന മനുഷ്യപുത്രനെക്കു റിച്ചുള്ള ദർശനം (ദാനി. 7, 13-14).

### പുതിയ നിയമ കാഴ്ചപ്പാട്

പുതിയ നിയമത്തിൽ മിശിഹായുടെ രാജത്വത്തേയും പരമാധികാര

ത്തേയും കുറിച്ച് വ്യക്തമായ സാക്ഷ്യങ്ങളുണ്ട്. ഈശോയുടെ ജനനത്തേക്കുറിച്ച് മംഗളവാർത്ത അറിയിക്കവേ, ദൈവപുത്രനായ ഈശോയ്ക്ക്, ദാവീദിന്റെ സിംഹാസനം പിതാവായ ദൈവം കൊടുക്കുമെന്നും, 'യാക്കോബിന്റെ ഭവന ത്തിൻമേൽ അവൻ എന്നേക്കും ഭരണം നടത്തും, അവന്റെ രാജ്യത്തിന് അവ സാനം ഉണ്ടാകയില്ല.' (ലൂക്കാ 1, 32-33) എന്നും ഗബ്രിയേൽ ദൂതൻ മറിയത്തെ അറിയിക്കുന്നുണ്ട്. യഹൂദരുടെ രാജാവിനെ വണങ്ങാൻ കിഴക്കുനിന്ന് കാഴ്ചക ളുമായി ജ്ഞാനികൾ വന്നുവെന്ന് മത്തായി സുവിശേഷകൻ സാക്ഷ്യപ്പെടു ത്തുന്നു. (മത്താ. 2, 1-12) പീലാത്തോസിന്റെ മുൻപിൽ വിചാരണ ചെയ്യപ്പെടു മ്പോൾ, തന്റെ രാജ്യം ഈ ലോകത്തിന്റേതല്ലെന്ന് അസന്ദിഗ്ദ്ധമായി വ്യക്തമാക്കി ക്കൊണ്ട് ഐഹിക അധികാരങ്ങൾക്കതീതമായ സത്യത്തിന്റെ ആധിപത്യമാണ് തന്റേതെന്ന് ഈശോ പഠിപ്പിച്ചു. (യോഹ. 18, 36-37) നസ്രായനായ ഈശോ യഹൂദ രുടെ രാജാവ് (യോഹ. 19, 19) എന്ന ഫലകം ഈശോയുടെ കുരിശിന് മുകളിൽ സ്ഥാപിക്കപ്പെട്ടിരുന്നു. 'സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള സകല അധികാരവും എനിക്ക് നൽകപ്പെട്ടിരിക്കുന്നു' (മത്താ. 28, 18) എന്ന ഉത്ഥിതന്റെ പ്രഖ്യാപനം, മിശി ഹായുടെ രാജത്വത്തെക്കുറിച്ചുള്ള ഏറ്റവും ശക്തമായ ബൈബിൾ പ്രഖ്യാപനങ്ങ ളിലൊന്നാണ്. ഉത്ഥിതനായ ഈശോ ശിഷ്യന്മാരോട് അരുളിച്ചെയ്ത ഈ വാക്കു കൾ അവിടുത്തെ സർവ്വാധികാരത്തെ വെളിപ്പെടുത്തുന്നു. സ്വർഗ്ഗത്തിലും ഭൂമിയി ലുമുള്ള സകല അധികാരവും പിതാവിൽനിന്ന് ലഭിച്ച മിശിഹാ പ്രപഞ്ചത്തിന്റെ രാജാവും കർത്താവുമാണ്. പിതാവായ ദൈവം മരിച്ചവരിൽ നിന്ന് അവനെ ഉയിർ പ്പിച്ചുകൊണ്ട്, 'ഈയുഗത്തിലും വരാനിരിക്കുന്ന യുഗത്തിലും എല്ലാ ആധിപത്യ ങ്ങൾക്കും അധികാരങ്ങൾക്കും ശക്തികൾക്കും പ്രഭുത്വങ്ങൾക്കും അറിയപ്പെ ടുന്ന എല്ലാ നാമങ്ങൾക്കുമുപരി അവനെ ഉപവിഷ്ടനാക്കി. അവിടുന്ന് (പിതാ വായ ദൈവം) എല്ലാ വസ്തുക്കളെയും അവന്റെ പാദങ്ങൾക്കു കീഴിലാക്കു കയും എല്ലാറ്റിനും മുകളിൽ അവനെ സഭയ്ക്ക് തലവനായി നിയമിക്കുകയും ചെയ്തു' (എഫേ. 1, 21-22). കോറിന്തോസുകാർക്കുള്ള ലേഖനത്തിലും പൗലോസ് ശ്ലീഹാ ഇതേ കാര്യം പ്രസ്താവിക്കുന്നുണ്ട്. 'എല്ലാറ്റിനെയും അവിടുന്ന് അവന്റെ പാദങ്ങൾക്കു കീഴ്പ്പെടുത്തിയിരിക്കുന്നു' (1 കോറി. 15, 27). ഈ വചനങ്ങൾ സകല സൃഷ്ടികളുടെയും മേലുള്ള ക്രിസ്തുവിന്റെ രാജത്വത്തെ പ്രഖ്യാപിക്കുന്നു. 'രാജാ ക്കന്മാരുടെ രാജാവും നാഥന്മാരുടെ നാഥനുമായി' (വെളി. 19, 16) മിശിഹായെ പ്രകീർത്തിക്കുന്ന വെളിപാട് പുസ്തകത്തിലെ ഈ വചനങ്ങൾ സകല അധികാര ങ്ങൾക്കും ഉപരിയായ മിശിഹായുടെ മഹത്വത്തെയും പരമാധികാരത്തെയു മാണ് പ്രഖ്യാപിക്കുന്നത്.

ക്രിസ്തുവിന്റെ രാജത്വം എന്നത് അടിച്ചമർത്തലിന്റെയോ അധികാര പ്രയോഗത്തിന്റെയോ അല്ല, മറിച്ച് കുരിശിലെ ത്യാഗത്തിലൂടെയും സ്നേഹ ത്തിലൂടെയും മാനവരാശിയെ വീണ്ടെടുത്ത അഗാധമായ ദൈവസ്നേഹത്തിന്റെ പ്രതീകമാണ്. സഭാചരിത്രത്തിലെ പ്രതിസന്ധി ഘട്ടങ്ങളിൽ സമാധാനത്തിന്റെയും പ്രത്യാശയുടെയും സന്ദേശമായി രൂപംകൊണ്ട ഈ തിരുനാൾ, വിശുദ്ധ

ഗ്രന്ഥത്തിലുടനീളം വ്യക്തമാക്കപ്പെടുന്ന ദൈവിക പദ്ധതിയുടെ പൂർത്തീകരണമാണ്. സഭയുടെ നാഥനായ ക്രിസ്തുവിനെ രാജാവായി സ്വീകരിച്ചുകൊണ്ട്, നമ്മുടെ ജീവിതം ക്രിസ്തുരാജന്റെ മഹത്വത്തിനും അവിടുത്തെ സമാധാന രാജ്യത്തിന്റെ വളർച്ചയ്ക്കും സാക്ഷ്യമാകാൻ പരിശ്രമിക്കാം.

**കുടുംബകൂട്ടായ്മകളിൽ ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ**

1. ക്രിസ്തുരാജന്റെ തിരുനാൾ ആചരിക്കുന്നതിന്റെ പ്രധാന ലക്ഷ്യം എന്താണ്?
2. നീതിയും സമാധാനവും സ്ഥാപിക്കുക എന്നത് ക്രിസ്തുവിന്റെ രാജത്വത്തിന്റെ ഭാഗമാണെങ്കിൽ, നമ്മുടെ കൂട്ടായ്മയിലും ഇടവകയിലും അവ വളർത്താൻ നമുക്ക് എന്തുചെയ്യാനാകും?
3. നമ്മുടെ കൂട്ടായ്മയിൽ ക്രിസ്തുവിന്റെ രാജത്വം കൂടുതൽ പ്രകടമാക്കാൻ ഈ മാസം നമുക്ക് സ്വീകരിക്കാവുന്ന ഒരു തീരുമാനം എന്താണ്?

# ബൈബിൾ അപ്പോസ്തലേറ്റ്

## BA.20/26 വചനോപാസന ഗ്രാന്റ് ഫിനാലെയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട ടീമുകൾ

ഇടുക്കി രൂപതയിലെ സന്ന്യാസിനികൾക്കുവേണ്ടി നടത്തിയ വചനോപാസന ഫൊറോനാതല മത്സരത്തിൽ നിന്ന് ഗ്രാന്റ് ഫിനാലെയിലേക്ക് യോഗ്യത നേടിയ ടീമുകൾ.

| | |
|---|---|
| Adimaly Forane | : Sr. Betty Treesa SH & Sr. Maria SH, Kallarkutty |
| Churuly Forane | : Sr. Jaise FCC & Sr. Mable FCC, Kanjikuzhy |
| Erattayar Forane | : Sr. Ronsa CMC & Sr. Christy Monica CMC, Bethel |
| Koompanpara Forane | : Sr. Jancy Treesa SD & Sr. Lisa SD, Sahayagiri |
| Kunchithanny Forane | : Sr. Aleena CMC & Sr. Anjali CMC, Muttukad |
| Mankulam Forane | : Sr. Deepa Rose SD & Sr. Likhiya SD, Mankulam |
| Murickasserry Forane | : Sr. Jiyanna Maria SH & Sr Treesa SH, Rajamudy |
| Parathode Forane | : Sr. Jency CHF & Sr. Serene Jose CHF, Chinnarnirappu |
| Rajakkad Forane | : Sr. Mary SH & Sr. Dency SH, Ponmudy |
| Thankamany Forane | : Rosmaria Pradheep CMC & Sandra Saji CMC, Thopramkudy |

Vazhathope Forane : Sr. Deepthi SABS & Sr. Rita SABS, Kuthirakallu
Vellayamkudy Forane : Sr. Bennoy SH & Sr. Annu SH, Kattappana

**BA.21/26 വചനോപാസന ബൈബിൾ വചനപഠനമത്സരം – ഫൊറോനതലം**

അല്മായർക്ക് വേണ്ടിയുള്ള വചനോപാസന ബൈബിൾ വചനപഠന മത്സരത്തിന്റെ ഫൊറോനതല മത്സരം നവംബർ 1-ാം തീയതി ഞായറാഴ്ച ഉച്ച കഴിഞ്ഞ് 2 മണി മുതൽ 3.30 വരെ അടിമാലി, ചുരുളി, ഇരട്ടയാർ, കുഞ്ഞിത്തണ്ണി, മാങ്കുളം, മുരിക്കാശേരി, നെടുങ്കണ്ടം, പാറത്തോട്, രാജാക്കാട്, തങ്കമണി, വാഴത്തോപ്പ്, വെള്ളയാംകുടി എന്നീ ഫൊറോനാ കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്.

**BA.22/26 വചനോപാസന ഗ്രാന്റ് ഫിനാലെ**

സന്ന്യാസിനികൾക്കും അല്മായർക്കും വേണ്ടി നടത്തിയ വചനോപാസന ബൈബിൾ വചനപഠന മത്സരത്തിന്റെ ഗ്രാന്റ് ഫിനാലെ നവംബർ 29-ാം തീയതി ഞായറാഴ്ച ഉച്ചയ്ക്ക് 12 മണി മുതൽ തടിയമ്പാട് പോപ്പ് ഫ്രാൻസിസ് സോഷ്യോ- എജ്യൂക്കേഷൻ സെന്ററിൽ വച്ച് നടത്തപ്പെടുന്നതാണ്.

**BA.23/26 SCRIPTURA**

ബൈബിൾ പകർത്തി എഴുതാൻ ദൈവജനത്തെ പ്രോത്സാഹിപ്പിക്കുന്ന 'സ്ക്രിപ്തുറ ബൈബിൾ പകർത്തി എഴുത്ത് മത്സരം' ഫിയാത്ത് മിഷൻ സംഘടിപ്പിക്കുന്നു. വചനമായ ഈശോയെ ഹൃദയത്തിൽ പകർത്താൻ അവസരം ഒരുക്കുക എന്നതാണ് ഈ സംരംഭത്തിന്റെ ലക്ഷ്യം. നിബന്ധനകൾ ചുവടെ ചേർക്കുന്നു.

1. പുതിയ നിയമം പൂർണ്ണമായും (വി. മത്തായി മുതൽ വെളിപാട് വരെ) പകർത്തിയെഴുതുക.
2. പുതിയ നിയമത്തിലെ എല്ലാ ഭാഗങ്ങളും അധ്യായവും വാക്യനമ്പറുകളുമുൾപ്പെടെ എഴുതണം. (ആമുഖം, അടിക്കുറിപ്പുകൾ എന്നിവ ഒഴിവാക്കാവുന്നതാണ്.)
3. മലയാളത്തിൽ എഴുതുന്നവർ പി.ഒ.സി. പുതിയ നിയമമാണ് പകർത്തി എഴുതേണ്ടത്.
4. മറ്റുഭാഷകളിൽ എഴുതുന്നവർ തങ്ങൾ എഴുതുന്ന ബൈബിൾ എഡിഷൻ ഏതാണെന്ന് അറിയിക്കേണ്ടതാണ്.
5. പകർത്തി എഴുതി പൂർത്തിയാക്കിയ ബൈബിളിന്റെ കോപ്പി രൂപതാ ബൈബിൾ അപ്പോസ്തലേറ്റ് ഓഫീസിൽ സമർപ്പിക്കാനുള്ള അവസാന തീയതി 2027 ജനുവരി 31.
6. രജിസ്ട്രേഷൻ ഫീസ് 100 രൂപ പകർത്തി എഴുതി പൂർത്തിയാക്കിയ ബൈബിളിന്റെ കോപ്പി സമർപ്പിക്കുമ്പോൾ എൽപ്പിക്കേണ്ടതാണ്.

7. നറുക്കെടുപ്പിലൂടെ സമ്മാനാർഹരെ തെരഞ്ഞെടുക്കുന്നു. 1-ാം സമ്മാനം വിശുദ്ധനാട് തീർത്ഥാടനം, 2-ാം സമ്മാനം 20000 രൂപ, 3-ാം സമ്മാനം 10000 രൂപ, 4-ാം സമ്മാനം 2000 രൂപ.
8. മുൻ വർഷങ്ങളിൽ പുതിയനിയമം മുഴുവൻ എഴുതി പൂർത്തിയാക്കിയ വർക്ക് അത് മത്സരത്തിനായി സമർപ്പിക്കാവുന്നതാണ്.
9. സമ്പൂർണ്ണ ബൈബിൾ (ഉല്പത്തി മുതൽ വെളിപാട് വരെ) മുഴുവൻ എഴുതി പൂർത്തിയാക്കിയവർക്കും ഇപ്പോൾ എഴുതിക്കൊണ്ടിരിക്കുന്നവർക്കും അത് മത്സരത്തിനായി സമർപ്പിക്കാവുന്നതാണ്. ഇപ്രകാരം ലഭിക്കുന്നവയിൽ നിന്ന് നറുക്കെടുപ്പിലൂടെ സമ്മാനാർഹരെ തെരഞ്ഞെടുക്കുകയും അവർക്ക് ഈ പറയുന്ന സമ്മാനങ്ങൾ നല്കുന്നതുമാണ്. 1-ാം സമ്മാനം വിശുദ്ധനാട് തീർത്ഥാടനം, 2-ാം സമ്മാനം 20000 രൂപ, 3-ാം സമ്മാനം 10000 രൂപ, 4-ാം സമ്മാനം 2000 രൂപ.
10. ഈ മത്സരത്തെക്കുറിച്ചുള്ള സംശയ നിവാരണത്തിനായി 9061164003 (ഫാ. തോമസ് പഞ്ഞിക്കുന്നേൽ) എന്ന നമ്പറിൽ വിളിക്കാവുന്നതാണ്.

# ക്രിസ്തുജ്യോതി
## വിശ്വാസ പരിശീലന കേന്ദ്രം

### CJ.41/26 ലോഗോസ് ക്വിസ് രൂപതാതല റാങ്ക് ജേതാക്കൾ

**Category - A**

I - Daan Rinchu, Nedumkandom
I - Juana Elza Sajeev, Vazhathope
II - Aibel Joseph Prince, Nedumkandom
III - Hanna Maria, Parathodu

**Category - B**

I - Diya Anna Sajeev, Vazhathope
II - Josin Cibichan, Vazhathope
III - Kevin George, Murickassery

**Category - C**

I - Anupriya Siju, Kanthipara
II - Angel Benny, Kanthipara
III - Floria Biju, Kanthipara

**Category - D**

I - Anie Cijo, Venmony

II - Sr. Seena Rose SH, Narakakkanam

III - Rani John, Vellayamkudy

**Category - E**

I - Molly Sabu, Calvarymount

II - Baby Xavier, Koombanmala

III - Bincy Chacko, Pachady

**Category - F**

I - Mathew Thomas, Erattayar

II - George Mulluvengapurathu, Vellayamkudy

III - Rosely Vincent, Ayiramekkar

III - Sr. Jency CHF, Chinnarnirappu

III - Mary Paul, Venmony

III - Sr. Rita SABS, Kuthirakallu

III - Sr. Seena SABS, Thankamony

**ലോഗോസ് ഫാമിലി ക്വിസ്**

I - Ancy Donish, Domin Donish, Doncy Donish - Edayadiyil Family, Erattayar.

II - Sajeev Sebastian, Diya Anna Sajeev, Juana Elza Sajeev - Ellickal Family, Vazhathope

III - Sabu George, Mini Sabu, Alinta Sabu - Theeyaniyil Family, Nedumkandom

**ലോഗോസ് ക്വിസിൽ ഏറ്റവും കൂടുതൽ പേരെ പങ്കെടുപ്പിച്ച ഇടവകകൾ**

1) വെള്ളയാംകുടി (1028)

2) ഇരട്ടയാർ (856)

**ലോഗോസ് ക്വിസിൽ ഇടവകയിലെ കുടുംബങ്ങളുടെ എണ്ണത്തിന് ആനുപാതികമായി 3 വിഭാഗങ്ങളിലായി തിരിച്ച് ആ വിഭാഗങ്ങളിൽ ഏറ്റവും കൂടുതൽ പേരെ പങ്കെടുപ്പിച്ച ഇടവകകൾ**

**Category - A**

I - മുരിക്കാശ്ശേരി

II - ബഥേൽ

**Category - B**

I - മഞ്ഞപ്പാറ

II - രാജമുടി

**Category - C**

I - കോമ്പയാർ

II - തൂക്കുപാലം

**സ്റ്റേഷൻ പള്ളികളിലെ കുടുംബങ്ങളുടെ എണ്ണത്തിന് ആനുപാതികമായ മികച്ച പങ്കാളിത്തം**

I - പൈനാവ്

II - പുഷ്പക്കണ്ടം

**ലോഗോസ് ക്വിസ് സംസ്ഥാനതല സെമി ഫൈനൽ**

ലോഗോസ് ക്വിസ് സംസ്ഥാന തല സെമിഫൈനൽ മത്സരം നവംബർ 8-ാം തീയതി ഞായറാഴ്ച ആലുവ സെന്റ് ഫ്രാൻസിസ് സ്കൂളിൽ വച്ച് നടത്തപ്പെടുന്നു.

**CJ.42/26 മതാധ്യാപകദിനം**

നവംബർ 4-ാം തീയതി മതാധ്യാപകരുടെ സ്വർഗ്ഗീയ മധ്യസ്ഥനായ വി. ചാൾസ് ബൊറോമിയോയുടെ തിരുനാളാണ്. അതിനു ശേഷം വരുന്ന ഞായറാഴ്ചയായ നവംബർ 8-ന് മതാധ്യാപക ദിനമായി ആചരിക്കുമല്ലോ.

**CJ.43/26 രണ്ടാം ടേം പരീക്ഷ**

1 മുതൽ 12 വരെയുള്ള ക്ലാസുകളിലെ രണ്ടാം ടേം പരീക്ഷ ഡിസംബർ 6-ാം തീയതി ഞായറാഴ്ചയാണ് നടക്കുന്നത്. സിലബസ് മുൻപ് HM ഗ്രൂപ്പിൽ നൽകിയിട്ടുള്ളത് ശ്രദ്ധിക്കുമല്ലോ.

**CJ.44/26 മിഷൻ ക്വസ്റ്റ് ക്വിസ് മത്സരത്തിന്റെ ഘടനയിൽ മാറ്റം**

ഈ വർഷം മിഷൻ ക്വസ്റ്റ് ക്വിസ് മത്സരത്തിന്റെ ഘടനയിൽ മാറ്റം വരുത്തിയിട്ടുണ്ട്. വിജയികളെ തീരുമാനിക്കുന്നതിനായി രണ്ട് റൗണ്ട് ഓൺലൈൻ മത്സരം നടത്തപ്പെടും. ആദ്യ റൗണ്ട് ഓൺലൈൻ മത്സരത്തിൽ എല്ലാവർക്കും പങ്കെടുക്കാവുന്നതാണ്. 60 ചോദ്യങ്ങൾക്ക് 40 മിനിറ്റിനുള്ളിൽ ഉത്തരം നൽകണം. മുഴുവൻ മാർക്ക് (60/60) നേടുന്ന എല്ലാവരും സ്വയം യോഗ്യത നേടും. അതിനു പുറമെ ഓരോ രൂപതയിൽ നിന്നുമുള്ള മികച്ച പത്ത് മത്സരാർത്ഥികൾ രണ്ടാം റൗണ്ടിൽ പങ്കെടുക്കേണ്ടതാണ്. ഈ റൗണ്ടിൽ 80 ചോദ്യങ്ങൾക്ക് 40 മിനിറ്റിനുള്ളിൽ ഉത്തരം നൽകണം. ഇതിൽ നിന്നും ഗ്ലോബൽ വിജയികളേയും രൂപതയിൽ നിന്നുമുള്ള വിജയികളേയും മികച്ച ഉത്തരങ്ങൾ അടിസ്ഥാനമാക്കി തിരഞ്ഞെടുക്കും. കൂടുതൽ പേർക്ക് ഒരേ മാർക്ക് ലഭിക്കുകയാണെങ്കിൽ വേഗത്തിൽ സമർപ്പിച്ചവരെ വിജയികളായി പ്രഖ്യാപിക്കും. മോക്ക് ടെസ്റ്റ് നവംബർ 21 ശനിയാഴ്ച വൈകുന്നേരം 6 pm നും ആദ്യ റൗണ്ട് ഡിസംബർ 6 - ഞായർ വൈകുന്നേരം 6 pm നും രണ്ടാം റൗണ്ട് 2026 ഡിസംബർ 20 ഞായർ വൈകുന്നേരം 6 pm നും നടത്തപ്പെടുന്നതാണ്.

## CORPORATE
# EDUCATIONAL AGENCY

**EA.25/26 വേദപാഠം സന്മാർഗ്ഗശാസ്ത്രം പരീക്ഷകൾ**

വർഷംതോറും സ്കൂൾ തലത്തിൽ നടത്തിവരുന്ന വേദപാഠം സന്മാർഗ്ഗ ശാസ്ത്രം അർദ്ധ വാർഷിക പരീക്ഷകൾ നവംബർ മാസം 11-ാം തീയതി ബുധനാഴ്ച നമ്മുടെ എല്ലാ സ്കൂളുകളിലും നടത്തുന്നതാണ്. ഈ പരീക്ഷയ്ക്ക് വേണ്ടിയുള്ള ചോദ്യപേപ്പറുകൾ രൂപതാ തലത്തിൽ തയ്യാറാക്കി വിതരണ സെന്റ റുകളിൽ എത്തിക്കുന്നതായിരിക്കും. പരീക്ഷ നടത്തുന്നതിനുള്ള ക്രമീകരണ ങ്ങൾ ചെയ്യുമല്ലോ.

**EA.26/26 മത്സര വിജയികൾക്ക് അഭിനന്ദനങ്ങൾ**

സബ്ജില്ല തലത്തിൽ വിവിധ കേന്ദ്രങ്ങളിൽ വച്ച് നടത്തിയ കായിക മത്സരങ്ങളിൽ വിജയികളായ എല്ലാ കുട്ടികൾക്കും അതിനായി അവർക്ക് പരിശീലനവും പ്രോത്സാഹനവും നൽകിയ എല്ലാ അധ്യാപകർക്കും രൂപത വിദ്യാഭ്യാസ ഏജൻസിയുടെ അഭിനന്ദനങ്ങൾ.

# സോഷ്യൽ സർവ്വീസ്

**SS.53/26 കോഴിക്കുഞ്ഞ് വിതരണം**

ഹൈറേഞ്ച് ഡെവലപ്മെന്റ് സൊസൈറ്റി ഗിരിജ്യോതി ക്രെഡിറ്റ് യൂണി യൻ വഴി പാറത്തോട്, ഇരട്ടയാർ, മുക്കുടം, മുരിക്കാശേരി, ജോസ്പുരം, ഉപ്പുതോട്, പാണ്ടിപ്പാറ, മരിയാപുരം എന്നിവിടങ്ങളിലായി ഗ്രാമശ്രീ ഇനത്തിൽ പ്പെട്ട 500 കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തു.

**SS.54/26 ക്രെഡിറ്റ് യൂണിയൻ പുതിയ യൂണിറ്റ് ഉദ്ഘാടനം – വാഴത്തോപ്പ്**

വാഴത്തോപ്പ് ഇടവകയിൽ 5 സംഘങ്ങളോടുകൂടി പുതിയ ക്രെഡിറ്റ് യൂണിയൻ രൂപീകരിച്ചു. കത്തീഡ്രൽ പള്ളി വികാരി ഫാ. ലൂക്ക് ആനിക്കുഴി ക്കാട്ടിൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ഹൈറേഞ്ച് ഡെവലപ്മെന്റ്

സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജോസഫ് കൊച്ചുകുന്നേൽ യൂണിറ്റ് ഉദ്ഘാടനം നിർവ്വഹിച്ചു. ക്രെഡിറ്റ് യൂണിയൻ രൂപതാ പ്രസിഡന്റ് ശ്രീമതി കുഞ്ഞമ്മ തോമസ് മുഖ്യപ്രഭാഷണം നടത്തുകയും ഫെഡറേഷൻ രൂപതാ സെക്രട്ടറി ശ്രീ. എബിൻ കുറുന്താനത്ത്, ആനിമേറ്റർ ശ്രീമതി ജിനി ജോൺ എന്നിവർ യോഗത്തിന് ആശംസകൾ അർപ്പിച്ച് സംസാരിക്കുകയും ചെയ്തു. തുടർന്ന് യൂണിറ്റ് പ്രസിഡന്റായി ശ്രീ. ഷീൻ കള്ളിക്കാട്ടിനെയും, സെക്രട്ടറിയായി ശ്രീമതി ഡെയ്സി ലോറൻസിനെയും തിരഞ്ഞെടുത്തു. ശ്രീ. ഷീൻ കള്ളിക്കാട്ടിന്റെ നന്ദി പ്രകാശനത്തോടെ യോഗം അവസാനിച്ചു.

**SS.55/26 ക്രെഡിറ്റ് യൂണിയൻ യൂണിറ്റ് വാർഷികം – വെള്ളത്തൂവൽ**

വെള്ളത്തൂവൽ യൂണിറ്റിന്റെ വാർഷികാഘോഷം 2026 ഒക്ടോബർ 11 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30-ന് സെന്റ് ജോർജ്ജ് പള്ളി പാരീഷ് ഹാളിൽ നടത്തപ്പെട്ടു. യൂണിറ്റ് രക്ഷാധികാരി ഫാ. ജോർജ്ജ് കരിവേലിക്കൽ അദ്ധ്യക്ഷത വഹിച്ച വാർഷികം ഹൈറേഞ്ച് ഡെവലപ്മെന്റ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജോസഫ് കൊച്ചുകുന്നേൽ ഉദ്ഘാടനം ചെയ്തു. യൂണിറ്റ് സെക്രട്ടറി ശ്രീമതി ആലീസ് ജോർജ്ജ് റിപ്പോർട്ട് അവതരിപ്പിച്ചു. ക്രെഡിറ്റ് യൂണിയൻ രൂപതാ പ്രസിഡന്റ് ശ്രീമതി കുഞ്ഞമ്മ തോമസ്, ഫെഡറേഷൻ രൂപതാ സെക്രട്ടറി ശ്രീ. എബിൻ കുറുന്താനത്ത്, ആനിമേറ്റർ ശ്രീമതി ഷാന്റി തോമസ്, സംഘാംഗം ശ്രീമതി നിലീന ജെയ്സൻ എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. യൂണിറ്റ് അംഗങ്ങളുടെ വിവിധ കലാപരിപാടികൾ വാർഷികത്തിന് മാറ്റ് കൂട്ടി. 60 എസ്. എച്ച്.ജി. അംഗങ്ങൾ പരിപാടിയിൽ പങ്കെടുത്തു. വാർഷികത്തിൽ പങ്കെടുത്ത എല്ലാ അംഗങ്ങൾക്കും സമ്മാനങ്ങളും, സ്നേഹവിരുന്നും നൽകി.

**SS.56/26 പരിശീലനം പൂർത്തിയാക്കി**

ഐഡിയൽ കോളേജ് പാലക്കാട് നിന്ന് വന്ന അശ്വതി കെ.എ., ഫാത്തിമത്തുൾ ആഷിഫ എം. എന്നീ BSW വിദ്യാർത്ഥികൾ അവരുടെ പഠനത്തിന്റെ ഭാഗമായി ഹൈറേഞ്ച് ഡെവലപ്മെന്റ് സൊസൈറ്റിയിൽ 24 ദിവസത്തെ ഇന്റേൺഷിപ്പിനെത്തുകയും സൊസൈറ്റിയുടെ പ്രവർത്തനങ്ങളിൽ പങ്കു ചേർന്നും വിവിധ പദ്ധതികളിൽ സഹായിച്ചും അവരുടെ പരിശീലനം പൂർത്തിയാക്കുകയും ചെയ്തു.

**SS.57/26 'വിംഗ്സ് ഓഫ് പ്രോസ്പെരിറ്റി' പദ്ധതി രണ്ടാം ഘട്ടം ആരംഭിച്ചു.**

ഹൈറേഞ്ച് ഡെവലപ്മെന്റ് സൊസൈറ്റി നടപ്പിലാക്കുന്ന 'വിംഗ്സ് ഓഫ് പ്രോസ്പെരിറ്റി' വനിതാ ശാക്തീകരണ പദ്ധതിയുടെ രണ്ടാം ഘട്ടം ആരംഭിച്ചു. 49 ഗുണഭോക്താക്കൾക്കാണ് രണ്ടാം ഘട്ടത്തിൽ കോഴി വളർത്തൽ പരിശീലനം നല്കുന്നത്.

# കെ.സി.എസ്.എൽ.

### KCSL.28/26 ലീഡേഴ്സ് ക്യാമ്പ്

ഒക്ടോബർ 1, 2 തീയതികളിലായി കരുണ പാസ്റ്ററൽ ആനിമേഷൻ സെന്ററിൽ വച്ച് സ്കൂൾ പ്രതിനിധികൾക്കായി സംഘടിപ്പിച്ച ലീഡേഴ്സ് ക്യാമ്പ് വിജയകരമായി നടന്നു. രൂപതയിലെ വിവിധ സ്കൂളുകളിൽ നിന്നായി 142 കുട്ടികൾ പങ്കെടുത്ത ഈ ക്യാമ്പ്, വിദ്യാർത്ഥികളിൽ നേതൃത്വപാടവവും ക്രൈസ്തവ മൂല്യങ്ങളും വളർത്തിയെടുക്കുവാൻ ഏറെ സഹായകരമായി.

### KCSL.29/26 One Million Children Praying Rosary

ലോകസമാധാനത്തിനായി എ.സി.എൻ. ഇന്റർനാഷണൽ (ACN International) സംഘടിപ്പിക്കുന്ന ആഗോള പ്രാർത്ഥനാ യജ്ഞമായ 'വൺ മില്യൺ ചിൽഡ്രൻ പ്രേയിംഗ് റോസറി'-യുടെ രൂപതാതല ആചരണം മരിയാപുരം സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂളിൽ ഭക്തിസാന്ദ്രമായി നടന്നു. ഇടുക്കി രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോൺ നെല്ലിക്കുന്നേൽ പിതാവ് പരിപാടി ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകുകയും കുട്ടികളോടൊപ്പം ജപമാല റാലിയിൽ പങ്കുചേരുകയും ചെയ്തു.

### KCSL.30/26 സംസ്ഥാനതല സാഹിത്യമത്സരം

ഒക്ടോബർ 10-ന് കട്ടപ്പന സെന്റ് ജോർജ് ഹയർ സെക്കൻഡറി സ്കൂളിൽ വച്ച് നടത്തപ്പെട്ട സംസ്ഥാനതല സാഹിത്യമത്സരത്തിൽ ഇടുക്കി രൂപതയെ പ്രതിനിധീകരിച്ച് വിവിധ വിദ്യാലയങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികൾ സജീവമായി പങ്കെടുത്തു.

### KCSL.31/26 രൂപതാതല കലോത്സവം

വിദ്യാർത്ഥികളുടെ കലാ-സാഹിത്യ വാസനകളെ പ്രോത്സാഹിപ്പിക്കുന്നതിനായി നവംബർ 28-ന് സംഘടിപ്പിക്കുന്ന രൂപതാതല കലോത്സവത്തിൽ ഇടുക്കി രൂപതയിലെ മുഴുവൻ സ്കൂളുകളിൽ നിന്നുമുള്ള വിദ്യാർത്ഥികളുടെ പൂർണ്ണ പങ്കാളിത്തം ഉറപ്പുവരുത്തണമെന്ന് സ്കൂൾ അധികാരികളോടും ആനിമേറ്റർമാരോടും അഭ്യർത്ഥിക്കുന്നു. കലോത്സവവുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങളും നിർദ്ദേശങ്ങളും സ്കൂളുകളിൽ ഉടൻ ലഭ്യമാക്കുന്നതാണ്.

# തിരുബാല സഖ്യം

### C.19/26 Blessing Basket

തിരുബാലസഖ്യം കുട്ടികൾ നവംബർ മാസത്തിൽ തങ്ങളെക്കൊണ്ട് സാധിക്കുന്ന ചെറിയ ചെറിയ സമ്മാനങ്ങൾ ശേഖരിച്ച് വച്ച് Blessing Basket തയാറാക്കുക. ഡിസംബർ മാസത്തിൽ അർഹരായവരെ കണ്ടെത്തി കൊടുക്കുക. പുൽക്കൂട്ടിലെ ഉണ്ണിയേശുവിന് സന്തോഷം ആകട്ടെ.

### C.20/26 മേഖലാ കലോത്സവം

2027 ജനുവരി 26-ാം തീയതി നടത്തപ്പെടുന്ന മേഖലാ മത്സരത്തിന്റെ കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

- **വിശുദ്ധരുടെ കഥ പറച്ചിൽ** (Juniors : 3 മിനിറ്റ്, Seniors : 4 മിനിറ്റ് )
- **പ്രസംഗം** (Juniors : എന്റെ സഭ എന്റെ അഭിമാനം – 3 മിനിറ്റ്, Seniors : എന്റെ സഭ എന്റെ ഉത്തരവാദിത്തം – 4 മിനിറ്റ്)
- **സംഗീതം** (Juniors നും Seniors നും ഉണ്ട്) (ഒരു പാട്ടിന്റെ സമയം)
- **ബൈബിൾ വായന** (Juniors നും Seniors നും ഉണ്ട്. വിശുദ്ധ മർക്കോസിന്റെ സുവിശേഷം ആയിരിക്കും വായനയ്ക്ക് നൽകുക.)
- **ആക്ഷൻ സോംഗ്** (7 പേരിൽ കൂടരുത്, 5 പേരിൽ കുറയരുത്) മത്സരത്തിൽ ആൺ പെൺ വ്യത്യാസമില്ലാതെ ജൂനിയർ, സീനിയർ വിഭാഗത്തിൽ രണ്ടു പേർക്ക് വീതം പങ്കെടുക്കാം

രൂപതാ കലോത്സവത്തിൽ മാർഗ്ഗം കളി, ഫാൻസി ഡ്രസ്സ് എന്നീ മത്സരങ്ങൾ കൂടി ഉണ്ടായിരിക്കും.

# ചെറുപുഷ്പ മിഷൻലീഗ്

**CML.46/26 മിഷൻ മാസാചരണം**

ചെറുപുഷ്പ മിഷൻലീഗ് സംഘടന രൂപതാ തലത്തിൽ മിഷൻ മാസാചരണ ഉദ്ഘാടനം നടത്തി. ഒക്ടോബർ ഒന്നാം തീയതി ഇടുക്കി രൂപതാ ധ്യക്ഷൻ അഭിവന്ദ്യ മാർ ജോൺ നെല്ലിക്കുന്നേൽ പിതാവിന്റെ അധ്യക്ഷതയിൽ ചേർന്ന വിവിധ സംഘടനകളുടെ സംയുക്ത സമ്മേളനത്തിൽ രൂപതയിലെ വിവിധ ഭക്തസംഘടനാ ഭാരവാഹികൾ പങ്കെടുത്തു. മിഷൻമാസത്തിൽ നട ത്തേണ്ട നിർദ്ദേശങ്ങൾ നൽകി.

സംസ്ഥാന സമിതി നൽകിയ നിർദ്ദേശം അനുസരിച്ച് ഒക്ടോബർ 11 മുതൽ 18 വരെ മിഷൻ വാരാചരണം നടത്താനുള്ള നിർദ്ദേശങ്ങൾ ശാഖകൾക്കും മേഖലകൾക്കും നൽകുകയും രൂപതയിലെ വിവിധ ഇടവകകൾ മിഷൻ വാരാ ചരണം മനോഹരമായി ക്രമീകരിക്കുകയും ചെയ്തു. ആഗോള പ്രേഷിത മധ്യ സ്ഥയും ചെറുപുഷ്പ മിഷൻലീഗിന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥയുമായ വിശുദ്ധ കൊച്ചുത്രേസ്യായെ പുതുതലമുറയ്ക്ക് പരിചയപ്പെടുത്തിക്കൊണ്ടുള്ള സ്റ്റാറ്റസ് വീഡിയോകൾ, മിഷൻ ഷെയറിംഗുകൾ, മിഷനറിമാരെ ആദരിക്കൽ, മിഷൻ ഗ്രാമത്തിന് വിവിധ തലങ്ങളിൽ സാമ്പത്തിക സഹായം, പ്രാർത്ഥനാ സഹായം, ജപമാലകളും ബൈബിളുകളും എത്തിച്ചു നൽകൽ, സ്കോളർഷിപ്പുകൾ, etc... ഇങ്ങനെ സംഘടന, രൂപതാ മേഖലാ ശാഖാ തലങ്ങളിൽ വിവിധ പ്രവർത്തന ങ്ങളിലൂടെ മിഷൻമാസാചരണം മനോഹരമാക്കി.

**CML.47/26 സംഘടനയുടെ 80-ാം ജന്മദിനാഘോഷവും സ്ഥാപക ദിനാചരണവും**

ചെറുപുഷ്പ മിഷൻലീഗിന്റെ 80-ാം സ്ഥാപക ദിനാചരണം പാണ്ടിപ്പാറ ശാഖയിൽ വച്ച് നടത്തി. CML രൂപതാ വൈസ് പ്രസിഡന്റ് അന്നു ട്രീസാ റോബിൻ പതാക ഉയർത്തി. രൂപതാ ഡയറക്ടർ ഫാ. ഫിലിപ്പ് ഐക്കരയോടൊപ്പം മറ്റ് രൂപതാസമിതി അംഗങ്ങളും പാണ്ടിപ്പാറ ശാഖാ ടീമും പ്രോഗ്രാമിൽ പങ്കെടുത്തു.

**CML.48/26 CML രൂപതാ കലോത്സവം 'അരങ്ങ് 2K26'**

ചെറുപുഷ്പ മിഷൻലീഗ് ഇടുക്കി രൂപതയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച രൂപതാതല കലോത്സവം 'അരങ്ങ് 2K26' ഒക്ടോബർ 20, 21 തീയതി കളിൽ മുരിക്കാശേരി സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂളിൽ വച്ച് നടന്നു. ഇടുക്കി രൂപതയിലെ 12 മേഖലകളിൽ നിന്നായി 1200-ൽ പരം പ്രതിഭകൾ

വിവിധ കലാമത്സരങ്ങളിൽ പങ്കെടുത്തു.

440 പോയിന്റ് നേടി നെടുങ്കണ്ടം മേഖല ഒന്നാം സ്ഥാനവും, 372 പോയിന്റ് നേടി തങ്കമണി മേഖല രണ്ടാം സ്ഥാനവും, 359 പോയിന്റ് നേടി ഇരട്ടയാർ മേഖല മൂന്നാം സ്ഥാനവും കരസ്ഥമാക്കി. രൂപതയിലെ ഇടവകകളെ മൂന്ന് വിഭാഗങ്ങളായി തിരിച്ച് കാറ്റഗറി A യിൽ നെടുങ്കണ്ടം, മുരിക്കാശ്ശേരി, കഞ്ഞിക്കുഴി ശാഖകൾ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി . കാറ്റഗറി B യിൽ പച്ചടി, രാജമുടി, കല്ലാർകുട്ടി ശാഖകൾ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥ മാക്കി. കാറ്റഗറി C യിൽ ജോർജിയാർ, മേരിലാന്റ് ശാഖകൾ ഒന്നും രണ്ടും സ്ഥാനങ്ങൾ നേടിയപ്പോൾ പനംകുട്ടി, കൈലാസം ശാഖകൾ മൂന്നാം സ്ഥാനം പങ്കിട്ടു.

സമാപനസമ്മേളനം ഇടുക്കി രൂപത വികാരി ജനറാൾ മോൺ. എബ്രഹാം പുറയാറ്റ് ഉദ്ഘാടനം ചെയ്യുകയും വിജയികൾക്കുള്ള സമ്മാനങ്ങൾ വിതരണം ചെയ്യുകയും ചെയ്തു. രൂപതാ സാഹിത്യ മത്സരങ്ങളുടെ സമ്മാനങ്ങൾ മിഷൻ ലീഗ് മുരിക്കാശേരി മേഖലാ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ വടക്കേൽ വിതരണം ചെയ്തു.

# KCYM / SMYM

### KCYM.48/26 One Million Children Praying the Rosary with Pope Leo XIV

ജപമാല തിരുനാളിനൊരുക്കമായി ലെയോ മാർപ്പാപ്പയോടൊപ്പം ലോകസമാധാനത്തിനായി കുട്ടികളും യുവജനങ്ങളും ഒരുമിക്കുന്ന 'വൺ മില്യൺ ചിൽഡ്രൻ പ്രേയിങ് ദ റോസറി' ആഗോള പ്രാർത്ഥനാ യജ്ഞത്തിന് മാങ്കുളത്ത് തുടക്കം കുറിച്ചു. കെ.സി.വൈ.എം. മാങ്കുളം യൂണിറ്റിന്റെ ആതിഥേ യത്വത്തിൽ നടന്ന പ്രാർത്ഥനാ കൂട്ടായ്മയിൽ നിരവധി യുവജനങ്ങൾ പങ്കു ചേർന്നു.

### KCYM.49/26 'അമ്മയോടൊപ്പം' ജപമാല മാസാചരണം

ജപമാല മാസത്തോടനുബന്ധിച്ച് കെ.സി.വൈ.എം. സംസ്ഥാന സമിതി യുടെ നേതൃത്വത്തിൽ സംഘടിപ്പിച്ചു വരുന്ന 'അമ്മയോടൊപ്പം' ഓൺലൈൻ ജപമാല മാസാചരണത്തിൽ ഇടുക്കി രൂപത പങ്കുചേർന്നു. ജപമാല മാസാ ചരണത്തിന്റെ അഞ്ചാം ദിനമായ ഒക്ടോബർ 5-ലെ ജപമാല പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകിയത് ഇടുക്കി രൂപതയിലെ യുവജനങ്ങളായിരുന്നു.

**KCYM.50/26 യൂഖേൽ – പ്രഥമ കായികമേള : വെബ്സൈറ്റ് പ്രകാശനം**

കെ.സി.വൈ.എം. ഇടുക്കി രൂപത പ്രഥമ കായികമേളയുടെ ഔദ്യോഗിക പോർട്ടൽ പ്രകാശനം പ്രോട്ടോസിഞ്ചെല്ലൂസ് മോൺ. ജോസ് കരിവേലിക്കൽ നിർവ്വഹിച്ചു.

**KCYM.51/26 Mary - Teach me**

ജപമാല മാസത്തോടനുബന്ധിച്ച് യുവജനങ്ങളിൽ വിശ്വാസ ചൈതന്യവും ആത്മീയ നവോന്മേഷവും പകർന്നുനൽകാൻ ലക്ഷ്യമിട്ട് 'മേരി, ടീച്ച് മി' (Mary, Teach Me) സന്ദേശ പരമ്പര ആരംഭിച്ചു. ഒക്ടോബർ മാസത്തിലെ 31 ദിവസങ്ങളിലും പരിശുദ്ധ കന്യകാമറിയത്തിന്റെ ലാളിത്യം (Simplicity), നിശ്ശബ്ദത (Silence), അനുസരണം (Obedience), വിശ്വസ്തത (Faithfulness) തുടങ്ങി ദൈവമാതാവിന്റെ ജീവിതത്തെ ധന്യമാക്കിയ വിശുദ്ധ ഗുണങ്ങളെ ഓരോ ദിവസവും ഓരോ സന്ദേശങ്ങളായി യുവജനങ്ങളിലേക്ക് എത്തിക്കുകയാണ് ഇതിലൂടെ ചെയ്യുന്നത്.

**KCYM.52/26 കെ.സി.വൈ.എം ഇടുക്കി രൂപതയുടെ പ്രഥമ കായികമേള 'യൂഖേൽ'**

മൊബൈൽ ഫോൺ സ്ക്രീനുകളിലേക്ക് ചുരുങ്ങിപ്പോകുന്ന യുവതലമുറയെ കളിക്കളങ്ങളുടെ ആവേശത്തിലേക്ക് തിരികെ നയിക്കുക, കായികക്ഷമതയും മാനസികോല്ലാസവും വളർത്തുക എന്നീ ലക്ഷ്യങ്ങളോടെ കെ.സി.വൈ.എം. ഇടുക്കി രൂപത സംഘടിപ്പിച്ച പ്രഥമ സ്പോർട്സ് മീറ്റ് 'യൂഖേൽ' കാൽവരിമൗണ്ടിൽ വർണ്ണാഭമായി നടത്തപ്പെട്ടു.

കെ.സി.വൈ.എം. കാൽവരി മൗണ്ട് യൂണിറ്റിന്റെ ആതിഥേയത്വത്തിൽ നടന്ന വാശിയേറിയ മത്സരങ്ങളിൽ രൂപതയിലെ 400-ൽ അധികം കായിക പ്രതിഭകൾ മാറ്റുരച്ചു. ആദ്യാവസാനം ആവേശം നിറഞ്ഞ പോരാട്ടത്തിനൊടുവിൽ മികച്ച പ്രകടനത്തോടെ ഇരട്ടയാർ യൂണിറ്റ് ഓവറോൾ ചാമ്പ്യൻഷിപ്പ് സ്വന്തമാക്കി. തോക്കുപാറ യൂണിറ്റ് റണ്ണറപ്പായപ്പോൾ, ആതിഥേയരായ കാൽവരിമൗണ്ട് യൂണിറ്റ് മൂന്നാം സ്ഥാനം നേടി.

വ്യക്തിഗത ഇനങ്ങളിലും ശ്രദ്ധേയമായ നേട്ടങ്ങളാണ് താരങ്ങൾ സ്വന്തമാക്കിയത്. പുരുഷ വിഭാഗത്തിൽ അലക്സാണ്ടർ ഡെൻസും (ഇരട്ടയാർ യൂണിറ്റ്) വനിതാ വിഭാഗത്തിൽ റോസ് മരിയ പി. സജിയും (വെള്ളയാംകുടി യൂണിറ്റ്) വ്യക്തിഗത ചാമ്പ്യന്മാരായി തിരഞ്ഞെടുക്കപ്പെട്ടു.

മത്സരവിജയങ്ങൾക്കപ്പുറം, യുവത്വത്തിന്റെ കൂട്ടായ്മയും കായിക സൗഹൃദവും ഊട്ടിയുറപ്പിക്കുന്ന മനോഹരമായൊരു വേദിയായി മാറാൻ 'യൂഖേൽ' കായിക മാമാങ്കത്തിന് സാധിച്ചു.

# ഫാമിലി അപ്പോസ്തലേറ്റ്

**FA.23/26 പ്രീമാര്യേജ് കോഴ്സ് 2026 – 27**

**2026 നവംബർ, ഡിസംബർ**

| ആത്മജ്യോതി അടിമാലി | | കരുണ നെടുങ്കണ്ടം | |
|---|---|---|---|
| നവംബർ | 27 – 29 | നവംബർ | 13 – 15 |
| ഡിസംബർ | 18 – 20 | ഡിസംബർ | 11 – 13 |

**വിവാഹ ഒരുക്ക ധ്യാനം 2027**

| ആത്മജ്യോതി അടിമാലി | | കരുണ നെടുങ്കണ്ടം | |
|---|---|---|---|
| ജനുവരി | 22 – 24 | ജനുവരി | 08 – 10 |
| മാർച്ച് | 12 – 14 | ഫെബ്രുവരി | 12 – 14 |
| ഏപ്രിൽ | 23 – 25 | മാർച്ച് | 20 – 22 |
| മെയ് | 21 – 23 | ഏപ്രിൽ | 09 – 11 |
| ജൂൺ | 25 – 27 | മെയ് | 07 – 09 |
| ജൂലൈ | 16 – 18 | ജൂൺ | 11 – 13 |
| ഓഗസ്റ്റ് | 27 – 29 | ഓഗസ്റ്റ് | 13 – 15 |
| സെപ്റ്റംബർ | 24 – 26 | സെപ്റ്റംബർ | 10 – 12 |
| ഒക്ടോബർ | 22 – 24 | ഒക്ടോബർ | 08 – 10 |
| നവംബർ | 26 – 28 | നവംബർ | 12 – 14 |
| ഡിസംബർ | 17 – 19 | ഡിസംബർ | 10 – 12 |

സീറ്റ് മുൻകൂട്ടി ഓൺലൈനായി ബുക്ക് ചെയ്യാൻ ശ്രദ്ധിക്കുമല്ലോ.

Website : atmajyothi.site

Ph : 80787 55919, 94000 92632, 62359 31254

# മാതൃവേദി

**MV.94/26 മേഖലാ കൗൺസിൽ**

വെള്ളയാംകുടി, ചുരുളി മേഖലാ കൗൺസിലുകൾ യഥാക്രമം ഒക്ടോബർ 10, 18 തീയതികളിൽ നടത്തപ്പെട്ടു. തദവസരത്തിൽ പുതുതായി തിരഞ്ഞെടുക്ക പ്പെട്ട രൂപതാ സമിതിയ്ക്ക് സ്വീകരണം നൽകി. വെള്ളയാംകുടി മേഖലയ്ക്ക് പുതിയ ഭാരവാഹികളെ തിരഞ്ഞെടുക്കുകയും ചെയ്തു.

**MV.95/26 ഒരു മനമായി**

മാതൃവേദിയുടെ നേതൃത്വത്തിൽ ജപമാല റാണിയുടെ തിരുനാൾ ദിന മായ ഒക്ടോബർ 7-ാം തീയതി രൂപതയിലെ എല്ലാ ഭവനങ്ങളിലും വൈകിട്ട് 7 മണിയ്ക്ക് ജപമാല ചൊല്ലി പ്രാർത്ഥിയ്ക്കുകയും, തുടർന്ന് കുടുംബങ്ങളെ ജപമാല റാണിയ്ക്ക് സമർപ്പിക്കുകയും ചെയ്തു.

**MV.96/26 ജപമാല റാണിയ്ക്ക് കത്ത്**

മാതൃവേദി അംഗങ്ങളിൽ മാതൃഭക്തി വർദ്ധിപ്പിക്കുന്നതിനായി ജപമാല റാണിയ്ക്ക് കത്തെഴുതൽ മത്സരം സംഘടിപ്പിച്ചു.

**MV.97/26 മരിയൻ സുകൃതജപ മത്സരം**

പുതിയ തലമുറയിലേയ്ക്ക് മരിയഭക്തിയുടെ ലളിത രൂപങ്ങൾ കൈമാ റുക എന്ന ലക്ഷ്യത്തോടെ അമ്മമാർക്കായി മരിയൻ സുകൃതജപം എഴുതൽ മത്സരം സംഘടിപ്പിച്ചു.

**MV.98/26 കുടുംബഗാനം**

കുടുംബാംഗങ്ങൾ ഒരുമിച്ച് ആലപിച്ച മരിയൻ ഗാനത്തിന്റെ മത്സരം ഓൺലൈനിൽ സംഘടിപ്പിച്ചു.

**MV.98/26 മരിയൻ ലേഖനമത്സരം**

ആനിമേറ്റർമാർക്കും മാതൃവേദി അംഗങ്ങൾക്കുമായി 'കത്തോലിക്കാ കുടുംബ രൂപീകരണത്തിൽ ജപമാല ഭക്തിയുടെ പങ്ക് ' എന്ന വിഷയത്തിൽ ലേഖനമത്സരം നടത്തി.

**MV.99/26 ജപമാല റാണിയുടെ കഥ പറയൽ**

ജപമാല റാണിയുടെ തിരുനാൾ കത്തോലിക്കാ സഭയിൽ ആചരിക്കുന്ന തിന് കാരണമായ സാഹചര്യത്തെപ്പറ്റി കുട്ടികളിൽ അവബോധം ജനിപ്പിക്കുക എന്ന ലക്ഷ്യത്തോടെ അമ്മമാർക്കായി ജപമാല റാണിയുടെ കഥ പറയൽ വീഡിയോ മത്സരം സംഘടിപ്പിച്ചു.

**MV.100/26 അനുശോചനം**

മാതൃവേദി ഇടുക്കി രൂപതാ ആനിമേറ്റർ സി. റാണി എസ്.എച്ച്.ന്റെ വത്സലമാതാവ് ശ്രീമതി റോസമ്മ ജോസഫ് (90) ന്റെ നിര്യാണത്തിൽ മാതൃവേദി രൂപതാ കുടുംബം അനുശോചിച്ചു. രൂപതാസമിതി അംഗങ്ങൾ ഭവനത്തിൽ എത്തി പ്രാർത്ഥിക്കുകയും, മാതൃവേദി രൂപതാ സഹരക്ഷാധികാരി പെരിയ ബഹു. മോൺ. അബ്രഹാം പുറയാറ്റ് അച്ചന്റെ നേതൃത്വത്തിൽ രൂപതാ സമിതി അംഗങ്ങൾ ശവസംസ്കാര ശുശ്രൂഷയിൽ പങ്കെടുത്ത് പരേതയുടെ ആത്മ ശാന്തിയ്ക്കായി പ്രാർത്ഥിക്കുകയും ചെയ്തു.

# ആത്മജ്യോതി
## പാസ്റ്ററൽ സെന്റർ

**AJ.09/26 അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു**

ആത്മജ്യോതി ജർമ്മൻ ഇൻസ്റ്റിറ്റ്യൂട്ടിൽ A2, B1, B2 കോഴ്സുകളിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. പുതിയ ബാച്ച് നവംബർ 16-ന് ആരംഭിക്കുന്നതായിരിക്കും. അഡ്മിഷൻ എടുക്കുവാൻ ആഗ്രഹിക്കുന്നവർ ഇതോടൊപ്പം കൊടുത്തിരിക്കുന്ന ഫോൺ നമ്പറിലേക്കു വിളിക്കുകയോ വെബ്സൈറ്റ് വഴി രജിസ്റ്റർ ചെയ്യുകയോ ചെയ്യേണ്ടതാണ്.

Phone : 9539413328, 9447413328
Website : www.atmajyothi.co.in

# കരുണ
## ഡിവൈൻ മേഴ്സി റിട്രീറ്റ് സെന്റർ

**KAC.10/26 നവംബർ മാസത്തിലെ പ്രധാന ശുശ്രൂഷകൾ**

**1. വിവാഹ ഒരുക്ക സെമിനാർ**

നവംബർ 13 വെള്ളി 08.30 am മുതൽ 15 ഞായർ 03.30 pm വരെ

**2. കുട്ടികളുടെ ഏകദിന ബൈബിൾ കൺവൻഷൻ**

നവംബർ 14 രണ്ടാം ശനി 09.30 am മുതൽ 01.30 pm വരെ

**3. ദൈവകരുണയുടെ ധ്യാനം**

നവംബർ 15 ഞായർ 06.00 pm മുതൽ 19 വ്യാഴം 02.00 pm വരെ

**4. ദൈവകരുണയുടെ മൂന്നാം ശനി കൺവൻഷൻ**

നവംബർ 21 ശനി 09.30 am മുതൽ 03.30 pm വരെ

# ബേത്‌ലെഹേം കാരിത്താസ്

## BC.07/26 സംഭാവനകൾ

| നം. | പേര് | തുക |
|---|---|---|
| | **ഓഗസ്റ്റ്** | |
| 1 | ജോസ് കൂനംപാറയിൽ | 1500 |
| 2 | ബേസിൽ കരിമ്പൻ | 2250 |
| 3 | ധന്യ തടിയംപാട് | 2000 |
| 4 | കെ.സി.വൈ.എം. രാജാക്കാട് | 5000 |
| 5 | വിൻസെന്റ് ഡി പോൾ വെൺമണി | 4000 |
| 6 | ബൈസൻവാലി | 10000 |
| 7 | മിഷൻലീഗ് വെള്ളയാംകുടി | 4000 |
| 8 | കെ.സി.വൈ.എം. നെടുങ്കണ്ടം | 5000 |
| 9 | എഫ്.സി.സി. കരിമ്പൻ | 2000 |
| 10 | മേരി ചേറ്റാനിയിൽ | 5000 |
| 11 | റ്റെസി സജി | 500 |
| 12 | റെറ്റി ഷാജി | 500 |
| 13 | ജെസ്സ്‌ലി ജോസ് | 500 |
| 14 | റോസ്മി | 1000 |
| 15 | മേരി ജോർജ്ജ് | 1000 |

| | | |
|---|---|---|
| 16 | ജോന ലില്ലി | 4000 |
| 17 | അനിൽ പി. | 50 |
| 18 | സുജ | 4000 |
| 19 | സാബു മാത്യു | 5000 |
| 20 | ആൻമരിയ | 5063 |
| 21 | എൽസമ്മ | 500 |
| 22 | എഡ്യുക്കേഷണൽ സൊസൈറ്റി, ഇടുക്കി രൂപത | 25000 |
| 23 | ലിസ്ന | 5000 |
| 24 | ശീതൾ | 100 |
| **സെപ്റ്റംബർ** | | |
| 1 | ബേസിൽ കരിമ്പൻ | 2250 |
| 2 | ജോസ് കൂനംപാറയിൽ | 1500 |
| 3 | ധന്യ തടിയംപാട് | 2000 |
| 4 | വിൻസെന്റ് ഡി പോൾ, ഭൂമിയാംകുളം | 2000 |
| 5 | പാലിയേറ്റീവ് പൈനാവ് | 2500 |
| 6 | മിഷൻലീഗ് വെള്ളയാംകുടി | 5000 |
| 7 | സിജി കണ്ടച്ചാലിൽ | 2500 |
| 8 | വിൻസെന്റ് ഡി പോൾ, വെൺമണി | 4000 |
| 9 | കെ.സി.ബി.സി. വിമൻസ് കമ്മീഷൻ, ഇടുക്കി രൂപത | 10000 |
| 10 | കെ.സി.വൈ.എം. കൈലാസം | 5700 |
| 11 | റജീന ജോസഫ് | 5000 |
| 12 | കോഴിമല ഇടവക | 26670 |
| 13 | ഇരട്ടയാർ ഇടവക | 16090 |
| 14 | മുളകരമേട് | 2860 |
| 15 | കനകക്കുന്ന് ഇടവക | 5000 |
| 16 | ഷിംലി പുളിക്കീഴ് | 1000 |
| 17 | അജോ ചിറപ്പുറമ്പിൽ | 1000 |

| | | |
|---|---|---|
| 18 | മേരി ചോറ്റുകുന്നേൽ | 2500 |
| 19 | ജോസ് ഓലിക്കൽ | 1000 |
| 20 | ജോസ്മി | 5000 |
| 21 | ജോർജ്ജ്, ജോജോ ഫിനിക്സ് | 5000 |
| 22 | തൊവരയാർ ഇടവക | 5383 |
| 23 | മരിയ സാജൻ കോലത്ത് | 5000 |
| 24 | ആന്റണി | 500 |
| 25 | ജ്യോതിമോൾ | 1000 |
| 26 | അനു | 2000 |
| 27 | മാത്യൂസ് | 5000 |
| 28 | സിസിലി | 1000 |
| 29 | നിഷമോൾ | 5000 |
| 30 | അലീന | 5000 |
| 31 | ജിനു | 1000 |
| 32 | മിനി | 100 |
| 33 | ജോനോ ലില്ലി | 4000 |
| 34 | സാബു | 5000 |
| 35 | ബേബി മാപ്രയിൽ | 5500 |
| 36 | ജ്യോതിമോൾ | 1000 |
| 37 | എൽസമ്മ | 500 |
| 38 | സുജ ജയ്ൻ | 4000 |
| 39 | സിസിലി | 1000 |
| 40 | ജോസ്മി | 5000 |
| 41 | നിഷ | 5000 |

INFAM

# ഇൻഫാം

- മാങ്കുളം, ഭൂമിയാംകുളം, മണിയാറൻകുടി, വാഴത്തോപ്പ്, രാജകുമാരി, മുരിക്കാശേരി, ചിന്നാർനിരപ്പ്, ഈട്ടിത്തോപ്പ് കാർഷിക ഗ്രാമങ്ങൾ ഉദ്ഘാടനം ചെയ്ത് പ്രവർത്തനം ആരംഭിച്ചു.
- പുതിയതായി ആരംഭിച്ച കാർഷിക ഗ്രാമങ്ങളിലെ അംഗങ്ങൾക്ക് ഐഡന്റിറ്റി കാർഡുകൾ വിതരണം ചെയ്തു.
- വിവിധ കാർഷിക ഗ്രാമങ്ങളിലെ കർഷകർ ആവശ്യപ്പെട്ടതനുസരിച്ച് ഡോളോമൈറ്റ്, എല്ലുപൊടി, വേപ്പിൻപിണ്ണാക്ക് തുടങ്ങിയവ സബ്സിഡി നിരക്കിൽ വിതരണം ചെയ്തു.

# ഗുഡ് സമരിറ്റൻ പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ

**GSP.12/26 യൂണിറ്റ് സന്ദർശനം**

ഗുഡ് സമരിറ്റൻ പെയിൻ ആൻഡ് പാലിയേറ്റീവ് യൂണിറ്റ് സന്ദർശനങ്ങൾ നടന്നു വരുന്നു. രൂപത കമ്മിറ്റി നാല് ടീമായി സന്ദർശനം നടത്തുകയാണ്. ചില യൂണിറ്റുകളിൽ പ്രവർത്തനം വളരെ നാമമാത്രമാണ്. അവയെല്ലാം ഊർജ്ജ സ്വലമാക്കുന്നതിന് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

**GSP.13/26 പുതിയ യൂണിറ്റുകൾ**

നിർജ്ജീവമായ ചില യൂണിറ്റുകൾ പുനഃസംഘടിപ്പിച്ച് പുതിയ ഭാര വാഹികളെ നിയോഗിച്ചു. കൂടാതെ പുതുതായി മഞ്ഞപ്പാറ, വാഴവര, പേഴുംകണ്ടം, മൈലാടുംപാറ എന്നിവിടങ്ങളിൽ യൂണിറ്റ് ആരംഭിച്ച് ഭാരവാഹികളെ നിയോഗിച്ചു.

# ജീസസ് ഫ്രട്ടേണിറ്റി

**JF.06/26 സബ്ജയിൽ സന്ദർശനം**

ലോക മാനസികാരോഗ്യ ദിനത്തോടനുബന്ധിച്ച് FCC സിസ്റ്റേഴ്സ് ദേവികുളം സബ്ജയിൽ സന്ദർശിച്ച് അവിടെയുള്ളവർക്ക് മോട്ടിവേഷൻ ക്ലാസ് നൽകുകയും പ്രോഗ്രാമുകൾ അവതരിപ്പിക്കുകയും വിവിധ മത്സരങ്ങൾ നടത്തി വിജയികൾക്ക് സമ്മാനങ്ങൾ നൽകുകയും മറ്റെല്ലാവർക്കും പ്രോത്സാഹന സമ്മാനങ്ങൾ നൽകുകയും ചെയ്തു.

# ജീസസ് യൂത്ത്

**JY.44/26 സർവ്വീസ് ടീം മീറ്റിംഗ്**

ഒക്ടോബർ മാസത്തിലെ സർവ്വീസ് ടീം മീറ്റിംഗ് 25, 26 തീയതികളിൽ നെടുങ്കണ്ടം കരുണ ധ്യാനകേന്ദ്രത്തിൽ വച്ച് കോ-ഓർഡിനേറ്റർ ജീസിന്റെ അധ്യക്ഷതയിൽ കൂടുകയുണ്ടായി.

**JY.45/26 സോണൽ നൈറ്റ് വിജിൽ**

നൈറ്റ് വിജിൽ ഒക്ടോബർ 18-ാം തീയതി രാജപുരം പള്ളിയിൽ വച്ച് നടത്തപ്പെട്ടു.

**JY.46/26 സോണൽ ഹൗസ് ഹോൾഡ്**

സോണൽ ഹൗസ്ഹോൾഡ് ഒക്ടോബർ ഒന്നാം തീയതി തീയതി മുരിക്കാശേരി സ്നേഹമന്ദിരത്തിൽ വച്ച് നടത്തപ്പെട്ടു.

# പാവനാത്മാ കോളേജ്

**PCM.59/26 ക്യാൻസർ ബോധവത്കരണ ക്യാമ്പ്**

NSS യൂണിറ്റ്, വുമൺ സെൽ, പി.ടി.എ. എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ പാലാ മാർ സ്ലീവാ മെഡിസിറ്റിയുമായി സഹകരിച്ച് സൗജന്യ ക്യാൻസർ ബോധവൽക്കരണ ക്ലാസും സ്ക്രീനിംഗ് ക്യാമ്പും സംഘടിപ്പിച്ചു. പ്രധാനമായും സ്തനാർബുദം ഗർഭാശയമുഖ കാൻസർ എന്നിവയെക്കുറിച്ച് രക്ഷിതാക്കൾക്കായി നടത്തിയ ക്യാമ്പിൽ പാലാ മാർ സ്ലീവാ മെഡിസിറ്റിയിലെ റേഡിയേഷൻ ഓങ്കോളജി വിഭാഗം സീനിയർ കൺസൾട്ടന്റും മേധാവിയുമായ ഡോ. ആന്റോ ബേബി മുഖ്യപ്രഭാഷണം നടത്തുകയും ക്യാമ്പിന് നേതൃത്വം നൽകുകയും ചെയ്തു.

**PCM.60/26 യൂണിയൻ ഭാരവാഹികൾ**

2026-2027 അധ്യയന വർഷത്തെ കോളേജ് യൂണിയൻ തിരഞ്ഞെടുപ്പ് ഫലം പ്രഖ്യാപിച്ചു. വാശിയേറിയ മത്സരത്തിനൊടുവിൽ കോളേജ് യൂണിയൻ ചെയർപേഴ്സണായി മൂന്നാം വർഷ ബി.കോം വിദ്യാർത്ഥി ഗോഡ്വിൻ ഷാജി തിരഞ്ഞെടുക്കപ്പെട്ടു. മറ്റ് ഭാരവാഹികളായി സാനിയ മാടത്താനി (വൈസ് ചെയർപേഴ്സൺ - III B.Sc കെമിസ്ട്രി), ദേവിക സുജിത് (ജനറൽ സെക്രട്ടറി - III B.Com) എന്നിവരും സർവ്വകലാശാലാ യൂണിയൻ കൗൺസിലർമാരായി ഷിജിൻ ഷാജു (II B.Sc മാത്തമാറ്റിക്സ്), ജോൺസൺ ജോയ് (I B.A. ഇക്കണോമിക്സ്) എന്നിവരും, കോളേജ് മാഗസിൻ എഡിറ്ററായി ബിജോ ബിജുവും (II B.A. ഹിസ്റ്ററി), ആർട്സ് ക്ലബ് സെക്രട്ടറിയായി ഇർഫാൻ എ. നൗഷാദും (II B.Voc. ബിസിനസ് അക്കൗണ്ടിംഗ് & ടാക്സേഷൻ) എന്നിവരും, ലേഡി റപ്രസെന്റേറ്റീവ്സ് ആയി ലുധിയാമോൾ ബിന്ദി, ഹരിപ്രിയ ഹരിദാസ് എന്നിവരും, ഡിഗ്രി, പി.ജി ക്ലാസ് പ്രതിനിധികളായി അഷാൽ സിജോ (I DC), ജസ്റ്റിൻ മാത്യു (II DC), ബിയോൾ വി. ജോജി (III DC), അബിൻ എബ്രഹാം (I PG), ആൻസൺ മരിയദാസ് (II PG) എന്നിവരും തെരഞ്ഞെടുക്കപ്പെട്ടു.

**PCM.61/26 രക്തദാന ക്യാമ്പ്**

NSS യൂണിറ്റിന്റെയും കട്ടപ്പന സെന്റ് ജോൺസ് ഹോസ്പിറ്റലിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ കോളേജ് കാമ്പസിൽ വച്ച് രക്തദാന ക്യാമ്പ് സംഘടിപ്പിച്ചു. 'ഒരു ചെറിയ രക്തദാനം വലിയ മാറ്റമുണ്ടാക്കും, ഒരു ഹീറോ യാകൂ, ജീവൻ രക്ഷിക്കൂ' എന്ന സന്ദേശമുയർത്തിയാണ് ക്യാമ്പ് നടത്തിയത്.

കോളേജിലെ നിരവധി വിദ്യാർത്ഥികളും അധ്യാപകരും ക്യാമ്പിൽ പങ്കാളികളാവുകയും രക്തം ദാനം ചെയ്യുകയും ചെയ്തു.

**PCM.62/26 മാനസികാരോഗ്യ ദിനാചരണം**

ലോക മാനസികാരോഗ്യ ദിനത്തോടനുബന്ധിച്ച് ബോധവൽക്കരണ സെഷൻ സംഘടിപ്പിച്ചു. അൽഫോൻസ ഹോസ്പിറ്റലിലെ സൈക്യാട്രി വിഭാഗവും കോളേജിലെ ഇംഗ്ലീഷ് വിഭാഗവും സംയുക്തമായാണ് പരിപാടി നടത്തിയത്. 'മാനസികാരോഗ്യത്തെക്കുറിച്ച് മനസ്സിലാക്കാം' എന്ന വിഷയത്തിൽ പ്രമുഖ സൈക്യാട്രി വിദഗ്ദ്ധ ഡോ. ആൻലി കോശി ക്ലാസ്സിന് നേതൃത്വം നൽകി.

**PCM.63/26 ജപമാല മാസാചരണം**

ജപമാല മാസാചരണത്തിന്റെ ഭാഗമായി കോളേജിൽ പ്രത്യേക ജപമാല പ്രാർത്ഥന ആരംഭിച്ചു. ഒക്ടോബർ 15 മുതൽ പത്ത് ദിവസത്തേക്കാണ് കോളേജ് ചാപ്പലിൽ പ്രാർത്ഥനാ ശുശ്രൂഷകൾ ക്രമീകരിച്ചത്.

# മാർ സ്ലീവാ കോളേജ്

**MSC.34/26 യൂണിയൻ ഭാരവാഹികളുടെ സത്യപ്രതിജ്ഞ**

കോളേജ് യൂണിയന്റെ 2026-2027 അധ്യയന വർഷത്തേക്കുള്ള ഭാരവാഹികളുടെ സത്യപ്രതിജ്ഞാ ചടങ്ങ് കോളേജ് കോൺഫറൻസ് ഹാളിൽ നടന്നു. കോളേജ് യൂണിയൻ റിട്ടേണിംഗ് ഓഫീസറും ബി.ബി.എ. വിഭാഗം മേധാവിയുമായ ശ്രീമതി ബിൻസി ജോസഫ് സത്യവാചകം ചൊല്ലിക്കൊടുത്തു. കോളേജ് ചെയർമാൻ ശ്രീ. റോബിൻ ജോർജ് ഉൾപ്പെടെയുള്ള യൂണിയൻ ഭാരവാഹികൾ ചടങ്ങിൽ സത്യപ്രതിജ്ഞ ചെയ്തു. ചടങ്ങിന്റെ സമാപനത്തിൽ പ്രിൻസിപ്പൽ സി. മോളി എം.എ. യൂണിയൻ ഭാരവാഹികൾക്ക് ആശംസാ സന്ദേശം നൽകി.

**MSC.35/26 ഗവേഷണ ഫെലോഷിപ്പ്**

ജിയോളജി വിഭാഗത്തിലെ പൂർവ്വവിദ്യാർത്ഥിയായ വിവേക് തോമസിന് യൂറോപ്യൻ യൂണിയന്റെ ഹൊറൈസൺ യൂറോപ്പ് പദ്ധതിയുടെ ഭാഗമായി നൽകുന്ന മേരി സ്ക്ലോഡോവ്സ്ക ക്യൂറി ആക്ഷൻസ് (MSCA) ഡോക്ടറൽ നെറ്റ് വർക്ക് ഫെലോഷിപ്പ് ലഭിച്ചു.

**MSC.36/26 പി.ടി.എ. യോഗങ്ങൾ**

2026-27 അധ്യയന വർഷത്തിലെ പി.ടി.എ. യോഗങ്ങൾ സംഘടിപ്പിച്ചു.

2026 ഒക്ടോബർ 8-ന് ബി.സി.എ. ഒന്നാം വർഷ വിദ്യാർത്ഥികൾക്കായുള്ള പി.ടി.എ. യോഗവും ഒക്ടോബർ 12-ന് ബി.കോം ഒന്നാം വർഷ, രണ്ടാം വർഷ വിദ്യാർത്ഥികൾക്കായുള്ള പി.ടി.എ. യോഗവും നടന്നു. അതത് ക്ലാസുകളിലെ വിദ്യാർത്ഥികളുടെ രക്ഷിതാക്കളും അധ്യാപകരും യോഗങ്ങളിൽ പങ്കെടുത്തു.

**MSC.37/26 ASER വർക്ക്ഷോപ്പ്**

സോഷ്യൽ വർക്ക് വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ 2026 ഒക്ടോബർ 13-ന് ASER ശിൽപ്പശാല സംഘടിപ്പിച്ചു. മൂന്ന് ദിവസം നീണ്ടുനിന്ന ശിൽപ്പശാലയിൽ രാജാക്കാട് സാൻജോ കോളേജ്, അടിമാലി കാർമ്മൽഗിരി കോളേജ് എന്നിവിടങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികളും മാർ സ്ലീവാ കോളേജിലെ MSW വിദ്യാർത്ഥികളും പങ്കെടുത്തു.

**MSC.38/26 ഗാന്ധിജയന്തി ആചരണം**

ഗാന്ധിജയന്തിയോടനുബന്ധിച്ച് ഒക്ടോബർ 2-ന് കോളേജിലെ എൻ.സി.സി. കേഡറ്റുകളുടെ നേതൃത്വത്തിൽ ക്യാമ്പസ് ശുചീകരണ പ്രവർത്തനം സംഘടിപ്പിച്ചു.

**MSC.39/26 എം.എസ്.ഡബ്ലു. ഒന്നാം വർഷ ഗ്രാമീണ ക്യാമ്പ്**

സോഷ്യൽ വർക്ക് വിഭാഗത്തിന്റെ നേതൃത്വത്തിൽ ഒന്നാംവർഷ വിദ്യാർത്ഥികളുടെ ഗ്രാമീണ ക്യാമ്പ് ഒക്ടോബർ 4 മുതൽ 9 വരെ വട്ടവടയിൽ സംഘടിപ്പിച്ചു.

# സന്ന്യസ്തർ

## 1. തിരുഹൃദയ സന്ന്യാസിനീ സമൂഹം (SH)

- നവജ്യോതി ചാരിറ്റബിൾ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ കഞ്ഞിക്കുഴിയിൽ സംഘടിപ്പിച്ച തയ്യൽ പരിശീലന കോഴ്സിൽ ഇരുപതോളം പേർ പരിശീലനം വിജയകരമായി പൂർത്തിയാക്കി. പരിശീലനാർത്ഥികൾ തയിച്ച വസ്ത്രങ്ങളുടെ പ്രദർശനവും സംഘടിപ്പിച്ചു.
- നവജ്യോതി ചാരിറ്റബിൾ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ലോക മാനസികാരോഗ്യ ദിനത്തോടനുബന്ധിച്ച് അമല ബാലികാഭവൻ, വിമല ബാലഭവൻ കുട്ടികൾക്കായി ബോധവത്കരണ ക്ലാസുകളും വിവിധ പ്രവർത്തനങ്ങളും സംഘടിപ്പിച്ചു. പ്രോഗ്രാം മാനേജർ എൽസ് മരിയ, സി. ലിനറ്റ് എന്നിവർ ക്ലാസുകൾ നയിച്ചു.
- നവജ്യോതി ചാരിറ്റബിൾ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ഗാന്ധിജയന്തിയോടനുബന്ധിച്ച് നെസ്പ് കുട്ടികൾക്കായി പ്രസംഗമത്സരം സംഘടിപ്പിച്ചു. മത്സരത്തിൽ റിഷോണ സുനിൽ ഒന്നാം സ്ഥാനവും ആൽവിൻ ലാലിച്ചൻ രണ്ടാം സ്ഥാനവും നേടി.
- സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ കഞ്ഞിക്കുഴി ഇടവകയിലെ കുട്ടികൾക്കായി ഏകദിന സെമിനാർ നടത്തി.
- പൊന്മുടി ഇടവകയിൽ മിഷൻലീഗിലെ കുട്ടികൾക്കായി നടത്തപ്പെട്ട ക്യാമ്പിൽ സിസ്റ്റേഴ്സ് സഹായിച്ചു.
- രാജമുടി, രാജാക്കാട്, കാന്തിപ്പാറ എന്നി ഇടവകകളിലെ അമ്മമാർക്ക് സി. ജോയ്സ് ആലനോലിക്കൽ 'മാതാപിതാക്കളും മക്കളും തമ്മിലുള്ള ബന്ധം' എന്ന വിഷയത്തിൽ ക്ലാസ്സ് എടുത്തു.

## 2. ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് സന്ന്യാസിനീ സമൂഹം (FCC)

- ലോക മാനസികാരോഗ്യ ദിനത്തോട് അനുബന്ധിച്ച് സിസ്റ്റേഴ്സ് ദേവികുളം സബ്ജയിൽ സന്ദർശിച്ച് മോട്ടിവേഷൻ ക്ലാസ് നൽകുകയും പ്രോഗ്രാമുകൾ അവതരിപ്പിക്കുകയും വിവിധ മത്സരങ്ങൾ നടത്തി വിജയികൾക്ക് സമ്മാനങ്ങൾ നൽകുകയും ചെയ്തു.
- മുരിക്കാശേരി അൽഫോൻസാ ഹോസ്പിറ്റലിൽ 400mA Digital Radiography, 2000 LPH RO Plant, Advanced Hospital Server System എന്നിവയുടെ ഉദ്ഘാടനം ബഹു. റോയി കെ. പൗലോസ് എം.എൽ.എ. നിർവ്വഹിച്ചു. വെഞ്ചി

രിപ്പ് കർമ്മം പ്രോട്ടോസിഞ്ചെല്ലൂസ് ബഹു. മോൺ. ജോസ് കരിവേലിക്കൽ നിർവ്വഹിച്ചു.

- നിർമ്മൽ ഇന്റഗ്രേറ്റഡ് സോഷ്യൽ ഓർഗനൈസേഷന്റെ (NISSO) നേതൃത്വത്തിൽ മൈലപ്പുഴയിൽ പുതിയ സ്വയംസഹായ സംഘം രൂപീകരിക്കുകയും അംഗങ്ങളുടെ സാമ്പത്തിക സ്വയംപര്യാപ്തത ലക്ഷ്യമിട്ട് വരുമാനദായക പദ്ധതിക്ക് തുടക്കം കുറിക്കുകയും ചെയ്തു.
- പെരിഞ്ഞാംകുട്ടി, വാഴത്തോപ്പ് എന്നീ ഇടവകകളിൽ മാതൃവേദി അംഗങ്ങൾക്കായി 'സുശിക്ഷിത മാതൃത്വം സുരക്ഷിത തലമുറയ്ക്ക്' എന്ന വിഷയത്തെ ആസ്പദമാക്കി സി. ജൂലി ക്ലാസ് എടുത്തു.
- മുരിക്കാശേരി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് Year of FCC with Marginalized ഉം ഫ്രാൻസിസ്കൻ ജൂബിലി വർഷാചരണവും സമുചിതമായി നടത്തി. പ്രോട്ടോസിഞ്ചെല്ലൂസ് ബഹു. മോൺ. ജോസ് കരിവേലിക്കൽ ദിവ്യബലി അർപ്പിച്ചു. അഭിവന്ദ്യ മാർ ജോൺ നെല്ലിക്കുന്നേൽ പിതാവും നിരവധി വൈദികരും ധാരാളം സിസ്റ്റേഴ്സും ആഘോഷ പരിപാടികളിൽ പങ്കെടുത്തു.
- മുരിക്കാശേരി ഇടവകയിലെ CML കുട്ടികൾക്കായി സംഘടിപ്പിച്ച കെയ്റോസ് പ്രോഗ്രാമിൽ സി. സിജി ക്ലെയർ ക്ലാസ് എടുത്തു.
- അന്യസംസ്ഥാന തൊഴിലാളികൾക്കായി മുരിക്കാശേരി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് ഫാ. ജോർലിൻ OFM Cap ന്റെ കാർമ്മികത്വത്തിൽ ദിവ്യബലി അർപ്പിച്ചു.

### 3. ആരാധനാ സന്ന്യാസിനീ സമൂഹം (SABS)

- ഷന്താൾ മൊബൈൽ പാലിയേറ്റീവ് കെയർ യൂണിറ്റിന്റെ നേതൃത്വത്തിൽ, മൂവാറ്റുപുഴ CMI കാർമ്മൽ പ്രൊവിൻസും ശാന്തിഗ്രാം വെൽഫെയർ സെന്ററും സംയുക്തമായി ഇടുക്കി ഹൈറേഞ്ച് മേഖലയിലെ നിർദ്ധനരും നിസ്സഹായരുമായ രോഗികൾക്കായി ഒരുക്കുന്ന 'സ്നേഹത്തണൽ' എന്ന സാന്ത്വന പദ്ധതിയുടെ സഹകരണത്തോടെ, കിടപ്പുരോഗികൾക്ക് ആവശ്യമായ പരിചരണവും വൈദ്യസഹായവും സൗജന്യമായി ലഭ്യമാക്കിവരുന്നു. മെഡിക്കൽ ബെഡ്, ഓക്സിജനേറ്റർ, വീൽചെയർ, എയർ ബെഡ് തുടങ്ങിയ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനും രോഗികൾക്ക് വീടുകളിൽ ആവശ്യമായ പരിചരണവും പിന്തുണയും ഉറപ്പാക്കുന്നതിനും ഈ പദ്ധതി സഹായിക്കുന്നു.
- ലോഗോസ് കിസ് മത്സരത്തിൽ ഇടുക്കി രൂപതാതലത്തിൽ F വിഭാഗത്തിൽ സി. റീത്ത കരിന്തോളിൽ, സി. സീന മാതാളികുന്നേൽ എന്നിവർ മൂന്നാം സ്ഥാനം കരസ്ഥമാക്കി.
- ഒക്ടോബർ ഒന്നാം തീയതി വിശുദ്ധ കൊച്ചുത്രേസ്യായുടെ തിരുനാളിനോടനുബന്ധിച്ച് ആറു കുട്ടികൾ വാഴത്തോപ്പ് മഠത്തിൽ ആസ്പിരൻസിയിൽ പ്രവേശിച്ചു.

- വാഴത്തോപ്പ് കത്തീഡ്രൽ പള്ളിയിൽ വച്ച് നടത്തപ്പെട്ട ഫ്രാൻസിസ്കൻ ജൂബിലി വർഷം ഇടുക്കി രൂപതാതല ആചരണത്തിൽ ബഹുമാനപ്പെട്ട പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ലിറ്റി ഉപ്പുമാക്കലും മറ്റു സിസ്റ്റേഴ്സും പങ്കെടുത്തു.
- കുതിരക്കല്ല് പ്രൊവിൻഷ്യൽ ഹൗസിൽവച്ച് 40 മണിക്കൂർ ആരാധനയും അഖണ്ഡജപമാലയും നടത്തപ്പെട്ടു.
- സി. ആൽബിൻ കാക്കനാട്ട് പാലാരിവട്ടം POCയിൽ വച്ച് KCBC Women's Commission-ന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട Lumina 2K26 ലീഡർഷിപ്പ് ട്രെയിനിംഗ് പ്രോഗ്രാമിൽ പങ്കെടുത്തു.
- മിഷൻ ഞായറിനോടനുബന്ധിച്ച് മീഡിയാ കമ്മീഷന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട ഓൺലൈൻ മിഷൻ ക്വിസ്സിൽ ആസ്പിരന്റ് അലീന സന്തോഷ് അമ്മാണ്ടിയിൽ മൂന്നാം സ്ഥാനം കരസ്ഥമാക്കി.

### 4. കർമ്മലമാതാവിന്റെ സന്ന്യാസിനീ സമൂഹം (CMC)

- ബിഷപ്സ് ഹൗസിൽ വച്ച് നടന്ന രൂപതയുടെ ജൂബിലി ആഘോഷവുമായി ബന്ധപ്പെട്ട ആലോചനാ യോഗത്തിൽ വികർ പ്രൊവിൻഷ്യൽ സി. റ്റോംസി മരിയ പങ്കെടുത്തു.
- ജോർജിയാർ ഇടവകയിൽ ഹോം മിഷൻ നടത്തി.
- പടമുഖത്ത് നടന്ന ക്രിസ്റ്റീൻ ധ്യാനത്തോടനുബന്ധിച്ചുള്ള കൗൺസിലിംഗ് ശുശ്രൂഷകൾക്ക് സി. ആൻസ് മരിയ നേതൃത്വം നൽകി.
- രാജകുമാരി ഇടവകയിലെ അമ്മമാർക്കായി സി. നിവ്യ സെമിനാർ നയിച്ചു.
- ചുരുളി സാന്തോം പബ്ലിക് സ്കൂളിൽ കുട്ടികളുടെ ധ്യാനത്തിന് സി. സീജ മരിയ, സി. സുദീപ എന്നിവർ നേതൃത്വം നൽകി.
- താന്നിക്കണ്ടം സെന്റ് മേരീസ് ദൈവാലയത്തിൽ വചനപ്രഘോഷണത്തിനും ദിവ്യകാരുണ്യ ആരാധനയ്ക്കും സി. സീജ മരിയ നേതൃത്വം നൽകി.

### 5. അഗതികളുടെ സഹോദരിമാരുടെ സന്ന്യാസ സമൂഹം (SD)

- ലോക്കൽ സുപ്പീരിയേഴ്സിനായി ക്ലാസ്, ഔട്ടിംഗ് എന്നിവ നടത്തി.
- ശതാബ്ദിയോട് അനുബന്ധിച്ച് ഓരോ ഇടവകയിലും ശുശ്രൂഷ ചെയ്യുന്ന വികാരിയച്ചൻമാരെ ഒരുമിച്ചു കൂട്ടുകയും അവരെ ആദരിക്കുകയും ചെയ്തു.
- കരുതൽ ചികിത്സാപദ്ധതിയിൽ (ഡയാലിസിസ്, ക്യാൻസർ തുടങ്ങിയ രോഗികൾക്കുള്ള സഹായം) ഇടവകകളിൽ നിന്ന് അർഹരായവരെ കണ്ടെത്തി.
- ലോഗോസ് ക്വിസ് മത്സരത്തിൽ സിസ്റ്റേഴ്സ് അഭിനന്ദനാർഹമായ നേട്ടം കൈവരിച്ചു.
- വചനോപാസന ക്വിസ് മത്സരത്തിൽ ഫൊറോനാ തലത്തിൽ വിജയിച്ചിച്ച സിസ്റ്റേഴ്സിന് അഭിനന്ദനങ്ങൾ.

- മിഷൻ സൺഡേയുടെ എല്ലാ കാര്യങ്ങളിലും സിസ്റ്റേഴ്സ് സജീവമായി പങ്കെടുത്തു.

### 6. നസ്രത്ത് സഹോദരികളുടെ സന്ന്യാസിനി സമൂഹം (CSN)

- മോണിംഗ് സ്റ്റാർ മെഡിക്കൽ സെന്ററിന്റെ നേതൃത്വത്തിൽ നൂറോളം വരുന്ന അതിഥി തൊഴിലാളികൾക്കായി സൗജന്യ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു.
- മൈക്കിൾഗിരി സെന്റ് മൈക്കിൾസ് സ്കൂളിലെ കുട്ടികൾക്ക് വേണ്ടി ക്രിസ്റ്റീൻ ധ്യാനം നടത്തി.
- അടിമാലി മോണിംഗ് സ്റ്റാർ മെഡിക്കൽ സെന്ററിന്റെ നേതൃത്വത്തിൽ ലോക ഹൃദയ ദിനത്തോട് അനുബന്ധിച്ച് വോക്കത്തോൺ സംഘടിപ്പിക്കുകയും ഹൃദയാരോഗ്യത്തെ കുറിച്ച് ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തു.

## ജൂബിലേറിയൻസ് മീറ്റ് 2026

ഈ വർഷത്തെ ഇടുക്കി രൂപതാ ജൂബിലേറിയൻസ് മീറ്റ് മുരിക്കാശേരി സെന്റ് മേരീസ് ഫൊറോനാ പള്ളിയിൽ വച്ച് നവംബർ 24-ന് നടത്തപ്പെടുന്നു. പ്രസ്തുത സംഗമത്തിന്റെ ഭാഗമാകുവാൻ ഈ വർഷം വിവാഹത്തിന്റെ ജൂബിലി ആഘോഷിക്കുന്ന എല്ലാ ദമ്പതികളെയും (25, 40, 50, 60, 70 & 75 ) സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

25 വർഷം - 2001-ൽ വിവാഹിതരായവർ
40 വർഷം - 1986-ൽ വിവാഹിതരായവർ
50 വർഷം - 1976-ൽ വിവാഹിതരായവർ
60 വർഷം - 1966-ൽ വിവാഹിതരായവർ
70 വർഷം - 1956-ൽ വിവാഹിതരായവർ
75 വർഷം - 1951-ൽ വിവാഹിതരായവർ

# നാളാഗമം

## ഒക്ടോബർ 2026

01 ഇടുക്കി രൂപതയുടെ രജതജൂബിലി ആഘോഷങ്ങൾക്ക് മുന്നോടിയായി ചേർന്ന ആലോചനായോഗത്തിൽ അദ്ധ്യക്ഷത വഹിക്കുകയും തുടർ നടപടികൾക്കായുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

02 ചെറുതോണി LAR കോൺവെന്റിൽ പരിശുദ്ധ കുർബാന അർപ്പിച്ചു.

" കോട്ടയം അതിരൂപതാ സഹായമെത്രാൻ മാർ തോമസ് ആനിമൂട്ടിൽ പിതാവിന്റെ മെത്രാഭിഷേകത്തിൽ പങ്കെടുത്തു.

03 കരിമ്പൻ ക്ലാരിസ്റ്റ് കോൺവെന്റിൽ പരിശുദ്ധ കുർബാന അർപ്പിച്ചു.

04 ഫ്രാൻസിസ്കൻ ജൂബിലി വർഷത്തിന്റെ രൂപതാതല ആചരണത്തിൽ വാഴത്തോപ്പ് സെന്റ് ജോർജ് കത്തീഡ്രൽ പള്ളിയിൽ മുഖ്യകാർമ്മികത്വം വഹിച്ചുകൊണ്ട് ജൂബിലി കവാടം തുറക്കുകയും പരിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകുകയും ചെയ്തു.

" സീറോ മലബാർ സഭയുടെ അല്മായ പ്രേഷിത മുന്നേറ്റമായ 'ജീവൻജ്യോതി'-യുടെ രൂപതാതല ഔദ്യോഗിക ഉദ്ഘാടനം വാഴത്തോപ്പ് സെന്റ് ജോർജ് പാരീഷ് ഹാളിൽ വച്ച് നടത്തി.

" വിശുദ്ധ ഫ്രാൻസിസ് അസ്സീസ്സിയുടെ തിരുനാളിനോടനുബന്ധിച്ച് കട്ടപ്പന പോർസ്യുങ്കുള കപ്പൂച്ചൻ ആശ്രമത്തിൽ പരിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി.

06 KCSL-ന്റെ നേതൃത്വത്തിൽ മരിയാപുരം സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂളിൽ വച്ച് നടത്തപ്പെട്ട 'One Million Children Praying Rosary'-യുടെ രൂപതാതല ആചരണം ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകുകയും കുട്ടികളോടൊപ്പം ജപമാല റാലിയിൽ പങ്കെടുക്കുകയും ചെയ്തു.

# BISHOP'S ENGAGEMENTS

**നവംബർ 2026**

| | |
|---|---|
| 01 | മുരിക്കുംതൊട്ടി |
| 02 | തടിയമ്പാട് |
| 03 | കോട്ടയം |
| 05 | തങ്കമണി |
| 06 | കൈലാസപ്പാറ |
| 07 | കുറിഞ്ഞി |
| 21 | കട്ടപ്പന |
| 23 | മൈനർ സെമിനാരി |
| 24 | മുരിക്കാശേരി |
| 25 | ആലപ്പുഴ |
| 26 | രാജകുമാരി |
| 27 | നെടുങ്കണ്ടം |
| 28 | പച്ചടി |
| | കട്ടപ്പന |
| 30 | തൃശൂർ |

# ഓർമ്മിക്കാൻ

## നവംബർ മാസത്തിലെ പ്രധാന ദിനങ്ങൾ, പരിപാടികൾ

| | | |
|---|---|---|
| 01 | : | വചനോപാസന ഫൊറോനാതല മത്സരം (അത്മായർക്ക്) |
| 04 | : | വി. ചാൾസ് ബൊറോമിയോ |
| 05 | : | വി. സഖറിയ, വി. ഏലീശ്വാ |
| 08 | : | മതാധ്യാപക ദിനം |
| 13-15 | : | വിവാഹ ഒരുക്ക സെമിനാർ, കരുണ നെടുങ്കണ്ടം |
| 21 | : | മാർത്തോമാ ശ്ലീഹായുടെ ഭാരത പ്രവേശനം |
| 22 | : | മിശിഹായുടെ രാജത്വ തിരുനാൾ |
| 24 | : | ജൂബിലേറിയൻസ് മീറ്റ്, മുരിക്കാശേരി |
| 26 | : | വൈദിക സംഗമം, രാജകുമാരി |
| 27-29 | : | വിവാഹ ഒരുക്ക സെമിനാർ, ആത്മജ്യോതി അടിമാലി |
| 28 | : | KCSL രൂപതാ കലോത്സവം, മുരിക്കാശേരി |
| 29 | : | വചനോപാസന ഗ്രാൻഡ് ഫിനാലെ |
| 30 | : | വി. അന്ത്രയോസ് ശ്ലീഹാ |

*"Prayer becomes effective when it reaches out to others.*
*The charity born of the Holy Spirit is God's love poured into our hearts:*
*a love that takes shape in a commitment to life and service.*
*This love must become the goal, the way, and the meaning of our lives."*

𝕏 **Pope Leo XIV,** @Pontifex, 12 October 2026

Cover Design : Media Commission, Idukki
DTP & Layout : Print Design Offset Press, Cheruthony

ചെറുപുഷ്പ മിഷൻലീഗ് രൂപതാ കലോത്സവം
അരങ്ങ് @ St. Mary's HSS Murickassery

YES CIVILITY CAMP - St. Jude Batch
@ Pavanatma College Murickassery

Sahyanadham
RNI Reg No. KERMAL/2004/12498
Annual Subscription Rs. 500.00
Date of Publication: 01/11/2026

# ഫ്രാൻസിസ്കൻ ജൂബിലി വർഷം രൂപതാതല ആചരണം

ST. GEORGE CATHEDRAL, VAZHATHOPE

CHRISTURAJ FORANE CHURCH, RAJAKAD



ST. FRANCIS ASSISI CHURCH, MACHIPALVU

Printed at Print Designs Offset Press, Cheruthony - 685 602
Editor, Printer and Publisher : Fr James, Bishop's House Idukki, 685 602